കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

# 13–ാം പദ്ധതി
# ജനകീയാസൂത്രണം രണ്ടാംഘട്ടം

കേരളഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ
കരട് നിർദ്ദേശങ്ങൾ

# ഭാരവാഹികൾ

| | | |
|---|---|---|
| **അഡ്വ. കെ. തുളസി ഭായി പത്മനാഭൻ**<br>(അഡ്വ.കെ.തുളസി ടീച്ചർ)<br>(കാലടി) | **പ്രസിഡന്റ്** | Mob: 9496045732<br>Ph: 0484-2465637 |
| **അഡ്വ. പി. വിശ്വംഭരപണിക്കർ**<br>(ബുധനൂർ) | **ജനറൽ സെക്രട്ടറി** | Mob: 9496043688<br>Ph: 0479-2466283 |
| **ടി. നാസറുദീൻ**<br>(നെടുമ്പന) | **വൈസ് പ്രസിഡന്റ്** | Mob: 9496041822<br>Ph: 0474-2562059<br>9446174433 |
| **എം.ടി. അബ്ദുൾ ജബ്ബാർ**<br>(വലിയപറമ്പ) | **വൈസ് പ്രസിഡന്റ്** | Mob: 9496049676<br>Ph: 04672-258276 |
| **തോമസ് വെക്കത്താനം**<br>(ഉദയഗിരി) | **വൈസ് പ്രസിഡന്റ്** | Mob: 9447961220<br>Ph: 0460-2286743 |
| **എച്ച്. മൂഹമ്മദ് നിയാസി**<br>(എച്ച്. നിയാസ്)<br>(ചിങ്ങോലി) | **സെക്രട്ടറി** | Mob: 9496043702<br>Ph: 0479-2486156 |
| **കെ. നാരായണൻ**<br>(പാപ്പിനിശ്ശേരി) | **സെക്രട്ടറി** | Mob: 9496049035<br>Ph: 0497-2786126 |

# ഉള്ളടക്കം


1. ആമുഖം
2. **സമീപനം**
3. **ആസൂത്രണ നടപടിക്രമങ്ങൾ**
   - മാസ്റ്റർപ്ലാനുകൾ
   - പഞ്ചായത്ത് പ്ലാനിങ്ങ് കമ്മിറ്റി (PPC)
   - വർക്കിങ്ങ് ഗ്രൂപ്പ്
   - വിഷയസമിതി
   - കരട് പദ്ധതിരേഖ
   - വികസന സെമിനാർ
   - വികസനരേഖ
   - പദ്ധതിരേഖ
4. അംഗീകാര നടപടിക്രമങ്ങൾ
5. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്
6. അപ്പലറ്റ് സംവിധാനം
7. നിർവ്വഹണം
8. പങ്കാളിത്തം
   - ഗ്രാമസഭകൾ
9. മോണിറ്ററിങ്ങ്
10. വിഷയ മേഖലകൾ
    - കൃഷിയും അനുബന്ധ മേഖലയും
    - ചെറുകിടസംരംഭം-ലോക്കൽ എക്കണോമിക്ക് ഡെവലപ്പ്മെന്റ്
    - പശ്ചാത്തല മേഖല
    - ക്ഷേമമേഖല.
    - വയോജനം
    - ചലഞ്ചിഡ് പേഴ്സൺ
    - ശിശുക്ഷേമം
    - വനിത
    - കുടുംബശ്രീ
    - ടൂറിസം
    - യുവജന ക്ഷേമം
    - പട്ടിക ജാതി പട്ടിക വർഗ്ഗം
    - മത്സ്യമേഖല
    - വിദ്യാഭ്യാസം, കല, സംസ്ക്കാരം
    - ആരോഗ്യം,ശുചിത്വം,കുടിവെള്ളം
    - MGNREGS
11. ആഡിറ്റ്
12. ധനകാര്യം
13. DPC
14. IKM
15. ജീവനക്കാർ, സ്ഥാപനങ്ങൾ
16. നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ

# സമർപ്പണം

**കേരളത്തിന്റെ** സമഗ്ര പുരോഗതി ലക്ഷ്യമിട്ട് രൂപപ്പെടുത്തുന്ന 13-ാം പദ്ധതി എങ്ങനെയായിരിക്കണമെന്ന ചർച്ച നടക്കുന്ന അവസരമാണല്ലോ. ജനകിയ പങ്കാളിത്തത്തോടെ കേരളത്തിന്റെ വികസനം സാധ്യമാക്കുവാൻ 13-ാം പദ്ധതിക്കു കഴിയേണ്ടതുണ്ട്. കുറ്റമറ്റ ആസൂത്രണത്തിനും നിർവഹണത്തിനും കഴിയുന്ന തരത്തിൽ നമ്മുടെ പദ്ധതിയെ മാറ്റുന്നത് ചരിത്രത്തിലെ നാഴികകല്ലായി മാറാൻ കഴിയുമെന്നു ഞങ്ങൾ പ്രതിക്ഷിക്കുന്നു.

9-ാം പദ്ധതിയിൽ തുടങ്ങിവച്ച അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും അതിന്റെ ഉദ്ദേശശുദ്ധിയോടെ തുടർന്ന് പൂർണ്ണ അർത്ഥത്തിൽ നടത്താൻ കഴിഞ്ഞിട്ടില്ല.

വ്യത്യസ്തമായ സമീപനങ്ങളോടും കാഴ്ചപ്പാടോടും കൂടി 2-ാം ജനകീയാസൂത്രണ പ്രക്രിയ ആരംഭിക്കുമ്പോൾ, 13-ാം പദ്ധതി ജനങ്ങളുടെ പദ്ധതിയാക്കി മാറ്റി, ഈ സംരംഭത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും സന്നദ്ധപ്രവർത്തകരുടേയും അഭിപ്രായംകൂടി ക്രോഡീകരിച്ച് നിർദ്ദേശം ഗവൺമെന്റിന് സമർപ്പിക്കാനാണ് ഈ ഉദ്യമത്തിലൂടെ ഞങ്ങൾ ശ്രമിക്കുന്നത്. നാടിന്റെ സമസ്ത മേഖലകളിലെയും പുരോഗതി ലക്ഷ്യമാക്കി നവകേരള സൃഷ്ടിക്കായി, മുന്നോട്ട് പോകുന്ന സംസ്ഥാന ഗവൺമെന്റിന്റെ സമഗ്ര വികസന കാഴ്ചപ്പാടിനോട് കടപ്പെടുവാൻ ഈ സംരംഭം സഹായകരമാകുമെന്ന് ഞങ്ങൾ പ്രതിക്ഷിക്കുന്നു.

13-ാം പദ്ധതിയുമായി ബന്ധപ്പെട്ട് ആസൂത്രണത്തിലും നിർവ്വഹണത്തിലും ഞങ്ങളുടെ നിർദേശങ്ങൾ സദയം സമർപ്പിക്കുന്നു.

**അഡ്വ. കെ. തുളസി ടീച്ചർ**
പ്രസിഡന്റ്

**അഡ്വ. പി. വിശ്വംഭരപണിക്കർ**
ജനറൽ സെക്രട്ടറി

## 1. ആമുഖം

കേരളത്തിൽ അധികാരവികേന്ദ്രീകരണവും വികേന്ദ്രീത ആസൂത്രണവും ആരംഭിച്ചിട്ട് 20 വർഷം പൂർത്തിയായി. ഒൻപതാം പദ്ധതി തുടക്കത്തിൽ അന്നത്തെ സർക്കാർ ഒരു ബിഗ്ബാങ് അപ്രോച്ചിൽ തുടങ്ങി, ലോക ശ്രദ്ധപിടിച്ചുപറ്റുന്ന തരത്തിൽ ആസൂത്രണത്തിലും നിർവ്വഹണത്തിലും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പുവരുത്തി ജനകീയാസൂത്രണ പ്രസ്ഥാന ത്തിന് രൂപം നൽകി. ഇതിന്റെ ഭാഗമായി കേരളമാകെ ഇളകിമറിഞ്ഞ് അണിചേരുന്ന തര ത്തിൽ ഒരു വലിയ ജനകീയ ക്യാമ്പയിന് നേതൃത്വം നൽകി. ഇത് ഏതൊരു പൗരനും അധി കാരത്തെ, ആസൂത്രണത്തെ സംബന്ധിച്ച് ബോധമുണ്ടാകുന്ന ജനകീയ പ്രക്രിയമായി മാറി. തുടർന്ന് 10, 11, 12 പഞ്ചവത്സരപദ്ധതികളിൽ അധികാരവികേന്ദ്രീകരണത്തിനും, വികേന്ദ്രീ കൃത ആസൂത്രണത്തിനും ഏറിയും കുറഞ്ഞും ചിലമാറ്റങ്ങൾ ഉണ്ടായി. എന്നാൽ 12-ാം പദ്ധതി ആയപ്പോഴേക്കും അധികാര വികേന്ദ്രീകരണത്തിന്റേയും വികേന്ദ്രീകൃത ആസൂത്രണത്തി ന്റേയും സത്ത തന്നെ ശോഷിച്ചു പോയി.

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകൾ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ഇനിയും ഒട്ടേറെ ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ 20 വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കി കുടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തി സ്ഥായിയായ വികസനലക്ഷ്യ ങ്ങളും, ക്ഷേമ പ്രവർത്തനങ്ങളും നടപ്പാക്കാൻ പ്രദേശികഭരണ സംവിധാനത്തിന് ശക്തി പകരുന്നതിന് കഴിയുന്നതായിരിക്കണം 13-ാം പദ്ധതി. ഫണ്ട് (Fund), ഫങ്ഷൻ (Function), ഫങ്ഷണറീസ് (Functionaries) എന്നിവയടൊപ്പം ഫ്രീഡവും (Freedom), ഫ്രെറ്റേർണിറ്റിയും (Fraterntiy) കൂടി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കണം.

## 2. പൊതുസമീപനം

1. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലത്തിൽ എല്ലാവിഷയത്തിലും ദീർഘകാല പെർസ്പെക്റ്റീവ് പ്ലാനും മാസ്റ്റർപ്ലാനുകളും ഉണ്ടാവണം. ഇവ ക്രോഡീകരിക്കപ്പെടുന്ന താവണം ജില്ലാപ്ലാൻ. ഈ പ്രക്രിയ ഓരോ പഞ്ചവത്സര പദ്ധതിക്ക് മുന്നേയും നടക്കണം.
2. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കഴിഞ്ഞാൽ അടുത്ത ഭരണ തലമായി ത്രിതലപഞ്ചാ യത്തുകൾ മാറണം.
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥായിയായ ജനപങ്കാളിത്ത സംവിധാനങ്ങൾ നിയമ പരമായി ഉണ്ടാകുന്നതോടൊപ്പം, അവയ്ക്ക് സ്വയം പ്രവർത്തിക്കാൻ കഴിയുന്ന മാനുവൽ ഉണ്ടാവണം. അതേസമയം പ്രാദേശിക സർക്കാരുകളുടെ ചുമതലകളും അവ രുടെ നയവും നടപ്പാക്കുന്നതരത്തിലുമാവണം.
4. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും രൂപവും ഭാവവും വ്യത്യസ്തമാണ്. ആയതിനാൽ അതിന്റെ പ്രത്യേകത അനുസരിച്ച് ആസൂത്രണത്തിന് സ്വാതന്ത്ര്യമുണ്ടാ വണം.

5. ഗൈഡ് ലൈൻ ലളിതവും കൃത്യമായി കാര്യങ്ങൾ മനസിലാക്കാൻ കഴിയുന്ന തരത്തിലുമാവണം.
6. ഗൈഡ് ലൈനിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് അംഗീകാരം കൊടുക്കുവാൻ പഞ്ചായത്ത് തല സംവിധാനമുണ്ടാവണം.
7. ഒരു പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് ഉള്ളതായിരിക്കണം മാർഗ്ഗ നിർദ്ദേശങ്ങൾ.
8. പെർസ്പെക്റ്റീവ് പ്ലാനും മാസ്റ്റർപ്ലാനുകളും, വിവരാധിഷ്ഠിതവും, ആവശ്യാധിഷ്ഠിതവും, ലക്ഷ്യാധിഷ്ഠിതവുമാകണം.
9. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെയും വിവിധ സർക്കാർ ഏജൻസികളുടേയും MP, MLA ഫണ്ട് അടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഈ മാസ്റ്റർ പ്ലാനിൽ അധിഷ്ഠിതമായിരിക്കണം.
10. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ആസൂത്രണവും, ബജറ്റും കുടുതൽ ഫലപ്രദമാക്കുന്നതിന് ജന്റർ പ്ലാനിങ്ങും ജന്റർബജറ്റും രുപീകരിക്കാൻ സംവിധാനമുണ്ടാവണം.
11. ആസൂത്രണ പ്രക്രിയയും ബജറ്റ് പ്രക്രിയയും ഓരോ വർഷവും നവംബറിൽ ആരംഭിച്ച് ഫെബ്രുവരിയിൽ അവസാനിക്കുന്ന തരത്തിൽ ആയിരിക്കണം. പരമാവധി ജനപങ്കാളിത്തം ഉറപ്പ് വരുത്താൻ പറ്റുന്നതരത്തിൽ മാനുവലുകൾ ഉണ്ടാവണം. ഇത് ഒരു സ്ഥിരം സംവിധാനമായിരിക്കണം.
12. സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളിലും, നയത്തിലും ത്രിതല പഞ്ചായത്തിന്റെ പങ്കും, ഉത്തരവാദിത്വവും കൃത്യമായി വിവക്ഷിക്കുന്നതാവണം.
13. ത്രിതല പഞ്ചായത്തുകൾക്ക് കൃത്യമായ ഉത്തരവാദിത്വ വിഭജനം ഉണ്ടാവണം അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് മാനുവൽ തയ്യാറാക്കണം.
14. സ്റ്റാന്റിങ്കമ്മിറ്റി പ്രവർത്തനത്തിന് മാർഗ്ഗരേഖ ഉണ്ടാവണം.
15. അയൽസഭകൾ പഞ്ചായത്തിരാജ് നിയമത്തിന്റെ ഭാഗമാവണം. അയൽസഭകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പ്വരുത്തി ചട്ടം ഉണ്ടാവണം. ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ മോണിറ്ററിങ്ങ് എന്നിവയിൽ പ്രധാന പങ്ക് വഹിക്കുന്ന തലമായി ഇവ മാറണം.
16. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ആസൂത്രണ, നിർവ്വഹണ, ഓഫീസ് മാനേജ്മെന്റ് ചട്ടവും മാനുവലുകളും ഉണ്ടാവണം.
17. മോണിറ്ററിങ്ങും ,സോഷ്യൽ ഓഡിറ്റും ജന്റർ ആഡിറ്റും നിയാമകമാവണം.
18. താലൂക്ക് തലത്തിൽ MLAയുടെ അദ്ധ്യക്ഷതയിൽ, താലൂക്കിലാകെ നടക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളേയും വകുപ്പ്തല പ്രവർത്തനങ്ങളേയും സംയോജിപ്പിക്കുവാനും വിലയിരുത്താനും, സമയബന്ധിതമായി പൂർത്തിയാക്കാനും കഴിയുന്നതരത്തിൽ നിയമവിധേയമായി ഒരു സമിതിഉണ്ടാവണം.

# I. ആസൂത്രണ നടപടിക്രമങ്ങൾ

## I. 1 മാസ്റ്റർപ്ലാനുകൾ

എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും പെർസ്പെക്റ്റീവ് പ്ലാനിന്റേയും മാസ്റ്റർ പ്ലാനുകളുടേയും അടിസ്ഥാനത്തിൽ പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും തയ്യാറാക്കണം. ഓരോ പഞ്ചവത്സരപദ്ധതിയുടേയും ഭാഗമായി അതത് വർഷത്തേക്കുള്ള പ്ലാനും, പ്രോജക്റ്റുകളും രുപപ്പെടണം.

1. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ഭുമിയുടെ ഘടന, ആവാസ വ്യവസ്ഥ, പരിസ്ഥിതി, കാലാവസ്ഥ, ജൈവസ്ഥിതി, നീർത്തടാധിഷ്ഠിത വിവരങ്ങൾ, തൊഴിൽ, ജിവിതനിലവാരം, സാമുഹ്യാവസ്ഥ, ആരോഗ്യസ്ഥിതി, തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സമഗ്ര വിവരശേഖരണം നടത്തി ഒരു ദീർഘകാല പെർസ്പെക്റ്റീവ് പ്ലാനും മാസ്റ്റർ പ്ലാനുകളും തയ്യാറാക്കണം.
2. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ആവണം, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടേയും മറ്റ് വകുപ്പുകളുടെയും, MP, MLA ഫണ്ടിന്റേയും വികസനപ്രവർത്തനങ്ങൾ.
3. മാസ്റ്റർ പ്ലാനിലെ വിഷയങ്ങളുടെ മുൻഗണന, ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം പദ്ധതിക്ക് രൂപം നൽകേണ്ടത്.
4. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വേണം ബ്ലോക്ക് ജില്ലാ മാസ്സർ പ്ലാനുകൾ തയ്യാറാക്കേണ്ടത്.
5. ഈ മാസ്റ്റർ പ്ലാനുകളെ അടിസ്ഥാനപ്പെടുത്തി ജില്ലാ പ്ലാനുകൾ ജില്ലാ പ്ലാനിങ്ങ് സമിതിയുടെ ചുമതലയിൽ രൂപപ്പെടുത്തണം.
6. പഞ്ചവത്സര പദ്ധതികളുടെ ആരംഭത്തിന് മുൻപായി മാസ്റ്റർ പ്ലാനുകൾ തയ്യാറാവണം. കാലാകാലങ്ങളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഓരോ തലത്തിലും വിലയിരുത്തുകയും മികവ് നിശ്ചയിക്കുകയു വേണം.

## I. 2 പെർസ്പെക്റ്റീവ് പ്ലാനിന്റേയും, മാസ്റ്റർ പ്ലാനിന്റേയും ഘടന

പഞ്ചായത്തിന്റെ പൊതുസ്ഥിതിയും അതിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകളുടേയു. നേരിടുന്ന പ്രശ്നങ്ങളുടേയും, അതിനനുസരിച്ച് മാറ്റങ്ങൾക്കുതകുന്ന കാഴ്ച്ചപ്പാടിന്റേയും .പിൻബലത്തിൽ മുൻഗണനാ ക്രമം വിവരിക്കുന്നതാവണം പെർസ്പെക്റ്റീവ് പ്ലാൻ .

### I. 2.1 പെർസ്പെക്റ്റീവ് പ്ലാൻ

1. ആമുഖം.
2. പഞ്ചായത്തിന്റെ പൊതുവിവരം.
3. പൊതുവിൽ, വിവിധ സെക്ടറിലെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ വിവരത്തിന്റെ/ഡേറ്റയുടെ അടിസ്ഥാനത്തിൽ മുൻഗണനാടിസ്ഥാനത്തിൽ വിവരിക്കൽ.

4. ഇതിന്റെ അടിസ്ഥാനത്തിൽ നയം, വിവരിക്കൽ, ദീർഘകാലയളവിൽ എന്ത് മാറ്റം വരുത്താൻ, എന്ത് സമീപനം, ആരെയൊക്കെ ചേർത്ത് എന്ന് പൊതുവിലും, വിഷയാടിസ്ഥാനത്തിലും വിവരിക്കണം.

### I. 3 മാസ്റ്റർ പ്ലാൻ

പെർസ്പെക്റ്റീവ് പ്ലാനിൻ വരുന്ന വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി സമയബന്ധിതമായി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നവയാവണം മാസ്റ്റർ പ്ലാനുകൾ. വിവിധ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ടുകൾ, വിവിധ ഡിപ്പാർടുമെന്റുകളുടെ പദ്ധതികൾ MP, MLA ഫണ്ട് മറ്റ് വികസന ഫണ്ടുകൾ സംഭാവന, സന്നദ്ധസേവനം എന്നിവ സംയോജിപ്പിച്ചുകൊണ്ട് നിശ്ചിത ലക്ഷ്യം കൈവരിക്കുന്നതിന് നിശ്ചിത സമയത്തിനുള്ളൽ പൂർത്തീകരിക്കാൻ കഴിയുന്ന സമഗ്ര അടിസ്ഥാന രേഖയാവണം മാസ്റ്റർ പ്ലാനുകൾ. ഇതിന്റെ അടിസ്ഥാനത്തിൽ വേണം പഞ്ചവത്സര പദ്ധതിക്കും വാർഷിക പദ്ധതിക്കും രുപം നൽകാൻ.

## II. പഞ്ചായത്ത് പ്ലാനിങ്ങ് കമ്മിറ്റി (PPC)

1. പഞ്ചായത്തുകളിൽ നിശ്ചയിക്കപ്പെട്ട 15നും 25നും ഇടക്ക് അംഗങ്ങളുള്ള ഒരു പ്ലാനിങ്ങ് സമിതിക്ക് രുപംനൽകണം.
2. ഇതിൽ സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങൾ, വിവിധ വിഷയമേഖലയിലെ വിദഗ്ദ്ധർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായിരിക്കണം.
3. കൂടാതെ MP, MLA ബ്ലോക്ക്, ജില്ലാ പ്രതിനിധികൾ, വിവിധമേഖലകളിലെ വിദഗ്ദ്ധർ, വിവിധ ഡിപ്പാർട്ട്മെന്റിലെ മേലുദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരെ ആവശ്യാനുസരണം ക്ഷണിക്കാവുന്നതാണ്.
4. പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും, സെക്രട്ടറി കൺവീനറുമായി കുറഞ്ഞത് മൂന്നിലൊന്ന് സ്ത്രീകൾ അടങ്ങുന്നതായിരിക്കണം ഡി.പി.സി.
4. ധനകാര്യ സ്ഥാപനങ്ങൾ, സ്റ്റേക്ക്ഹോൾഡേഴ്സ് തുടങ്ങി ആസൂത്രണത്തിന് സഹായകമായ എല്ലാവരിൽ നിന്നുമുള്ള പ്രതിനിധികളെയും ക്ഷണിക്കേണ്ടതാണ്.

### II. 1. PPCയുടെ ഉത്തരവാദിത്വങ്ങൾ

1. പഞ്ചായത്തുകളുടെ വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ രുപീകരണത്തിലും നടത്തിപ്പിലും, മോണിറ്ററിങ്ങിലും വിലയിരുത്തലിലും വിദഗ്ദ്ധ സഹായം നൽകുക
2. വിഭവ സമാഹരണ ലക്ഷ്യം കൈവരിക്കലിന് ഭരണ സമിതിയെ സഹായിക്കുക.
3. ആസൂത്രണ കലണ്ടറിന്റെ നിർദ്ദേശങ്ങൾ തയ്യാറാക്കൽ.
4. ആസൂത്രണ പ്രക്രിയക്ക് രൂപംനൽകുക, നേതൃത്വം വഹിക്കുക.
5. പെർസ്പെക്റ്റീവ് പ്ലാനും, മാസ്റ്റർ പ്ലാനും തയ്യാറാക്കാൻ പഞ്ചായത്തിനെ സഹായിക്കുക.
6. വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തനത്തിന് നേതൃത്വം നൽകുക, ഏകോപിപ്പിക്കുക.

7. വർക്കിങ്ങ് ഗ്രൂപ്പുകൾ ശേഖരിക്കുന്നവിവരം, ആശയങ്ങൾ എന്നിവ പഞ്ചായത്ത് തല ത്തിൽ ക്രോഡീകരിക്കുക.
8. വിഷയാടിസ്ഥാനത്തിൽ PPCകൾ സബ് കമ്മിറ്റികളെ രുപീകരിക്കണം.
9. പഞ്ചായത്തിന് വേണ്ടി വിവിധ ചർച്ചകൾ നടത്തുക.
10. പഞ്ചായത്ത് ഭരണസമിതിക്കും, സ്റ്റിയറിങ്ങ് കമ്മിറ്റികൾക്കും ആവശ്യമായ വിവരം ക്രോഡീകരിച്ച് നൽകുക.
11. പദ്ധതി വിലയിരുത്തൽ മോണിറ്ററിങ്ങ് എന്നിവക്ക് പഞ്ചായത്ത് ഭരണ സമിതിയെ സഹാ യിക്കുക.
12. സ്റ്റേക്ക്ഹോൾഡേഴ്സ്, ധനകാര്യസ്ഥാപനങ്ങൾ എന്നിവരുമായി ചർച്ചകൾ നടത്തുക.

**II.2.** PPCയുടെ നേതൃത്വത്തിൽ കഴിഞ്ഞ പഞ്ചവത്സര കാലയളവിലെ, ആസൂത്രണം, നിർവ്വ ഹണം, വിഭവസമാഹരണം എന്നിവയിലെ നേട്ടം, കോട്ടം, അവയുടെ കാരണങ്ങൾ എന്നിവ വിലയിരുത്തണം.

**II.3.** ഓരോ മേഖലയിലേയും നിലവിലെ വിവരം, പ്രശ്നങ്ങൾ, ആവശ്യം എന്നിവയും അഞ്ച് വർഷത്തേക്കുള്ള നയവും, മുൻഗണനയും പെർസ്പെക്റ്റീവ് പ്ലാനിന്റേയും മാസ്റ്റർ പ്ലാനി ന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കണം.

**II.4** വർക്കിങ്ങ് ഗ്രുപ്പ് യോഗം ചേരണം.

## III. വർക്കിങ്ങ് ഗ്രുപ്പുകൾ

| | |
|---|---|
| 1 കൃഷി | |
| 2 പ്രകൃതി വിഭവപരിപാലനം | മണ്ണ്, ജലം.പരിസ്ഥിതി.സംരക്ഷണം. ജൈവവൈവിദ്ധ്യ പരിപാലനം. സാമുഹ്യവനവൽക്കരണം.നാട്ടറിവ് നാട്ടു വൈദ്യസംരക്ഷണം |
| 3 മൃഗം, ക്ഷിരം, മത്സ്യമേഖല | |
| 4 പ്രാദേശിക സാമ്പത്തിക വികസനം | 1. കൈത്തൊഴിൽ<br>2. തൊഴിൽ സംരംഭങ്ങൾ<br>3. വിപണന കേന്ദ്രങ്ങൾ<br>4. ചെറുകിട വ്യവസായം<br>5. പരമ്പരാഗത വ്യവസായം<br>6. സ്വയംതൊഴിൽ |

5 പശ്ചാത്തല വികസനം.
1. റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ
2. പ്രദേശിക ഗതാഗത സൗകര്യങ്ങൾ
3. വൈദ്യുതി, പാരമ്പര്യേതര ഊർജം

6 വിദ്യാഭ്യാസം, കല, കായികം, സംസ്ക്കാരം

7 ആരോഗ്യം,കുടിവെള്ളം,ശുചിത്വം

8 വനിത, കുടുംബശ്രീ.

9 ശിശുക്കൾ., കുട്ടികൾ

10 SC

11 ST

12 വയോജനം

13 ദാരിദ്ര്യലഘൂകരണം

### III.1 വർക്കിങ്ങ് ഗ്രൂപ്പ്- ഘടന

| | |
|---|---|
| ചെയർപേഴ്സൺ | ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയിലെ പഞ്ചായത്ത് മെമ്പർ |
| വൈസ്ചെയർപേഴ്സൺ | പഞ്ചായത്ത് പ്ലാനിങ്ങ് സമിതിയിലെ ചുമതലപ്പെട്ടവിദഗ്ദ്ധൻ |
| കൺവീനർ | ബന്ധപ്പെട്ട അനുബന്ധവകുപ്പിലെ നിർവ്വഹണ ഉദ്യോഗ സ്ഥൻ |
| ജോ.കൺവീനർ | ജീവനക്കാർ,ഇല്ലെങ്കിൽ ആമേഖലയിലെ വിദഗ്ദ്ധൻ |
| കമ്മിറ്റി അംഗങ്ങൾ | അതത് വിഷയമേഖലയിലെ പ്രായോഗിക<br>സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവർ<br>പഞ്ചായത്ത്തല ബന്ധപ്പെട്ട വിഷയ സമിതിയിലെയും അംഗങ്ങൾ<br>ഒരു CDS പ്രവർത്തക<br>പട്ടികജാതി മേഖലയിലെ ഒരു സന്നദ്ധ പ്രവർത്തക/ൻ.<br>വയോജന സമിതിയിലെ ഒരു പ്രതിനിധി<br>പട്ടികവർഗ്ഗ പ്രമോട്ടർ |

ഇത്തരത്തിൽ ഓരോ വർക്കിങ്ങ് ഗ്രൂപ്പിലും കുറഞ്ഞത് 12ൽ കവിയാത്ത അംഗങ്ങളുള്ള സമിതിയെ പഞ്ചായത്ത് ഭരണ സമിതി നിർവ്വഹണ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട മേഖല വിദഗ്ദ്ധർ PPC എന്നിവരുമായി കുടി ആലേചിച്ച് തിരുമാനികേണ്ടതാണ്.

# IV. വിഷയസമിതി

ഓരോവിഷയത്തിനും ഗ്രാമസഭ മുതൽ പഞ്ചായത്ത് തലം വരെയുള്ള വിഷയസമിതികൾ ഉണ്ടാവണം.

വാർഡ് തലവിഷയ സമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഈ രണ്ട് പേരും, പഞ്ചായത്ത് പ്ലാനിങ്ങ് കമ്മിറ്റിയിലെ സബ് കമ്മിറ്റി അംഗങ്ങളും അടങ്ങുന്നതാണ് പഞ്ചായത്ത് തല വിഷയ സമിതി. ബന്ധപ്പെട്ട വിഷയസമിതിയിൽ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ചെയർമാനും ബന്ധപ്പെട്ട മേഖലയിലെ നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറും മായിരിക്കും

## IV.1 ഉത്തരവാദിത്വങ്ങൾ

1. വാർഡ് വിഷയ സമിതികൾ ഉന്നയിക്കപ്പെടുന്ന വിഷയങ്ങൾക്കും പഞ്ചായത്ത് തലത്തിൽ പൊതുവായി ഉണ്ടാകുന്ന വിഴയങ്ങളെക്കുറിച്ചും ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
2. പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിലും പരിശോധനയും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ഏകോപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക
3. പഞ്ചായത്ത് ഭരണ സമിതിക്ക് പദ്ധതി രുപീകരണത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
4. പഞ്ചായത്ത് ആവശ്യപ്പെടുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക.

## IV.2 പഞ്ചായത്ത്തല വിഷയ സമിതി

വികസനമേഖല, ക്ഷേമമേഖല, ആരോഗ്യ വിദ്യാഭ്യാസ മേഖല എന്നിങ്ങനെ സ്റ്റാന്റിങ്ങ് കമ്മിറ്റികളിലെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമസഭകളിലും കുറഞ്ഞത് 8 പേരെങ്കിലുമുള്ള മൂന്ന് വിഷയസമിതികൾ വിതം ഉണ്ടാവണം. അതിൽ സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗ്ഗം എന്നിവർക്ക് പ്രാതിനിധ്യം ഉണ്ടാവണം. വിഷയ സമിതിക്ക് വാർഡ് മെമ്പർ ചെയർപേഴ്സണും, ബന്ധപ്പെട്ട മേഖലയിൽനിന്നും ലഭ്യമാകുന്ന ഒരു വിദഗ്ദ്ധർ കൺവീനറുമായിരിക്കണം. വാർഡിലുണ്ടാകുന്ന പ്രാദേശിക വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദേശിക്കാനുള്ള അവകാശം ഈ വിഷയസമിതികൾക്കുണ്ട്. ഒരു വാർഡിൽ നിന്നും രണ്ട് പേരെ വീതം ഉൾപ്പെടുത്തിയാണ് ഓരോ ഗ്രാമ പഞ്ചായത്തിലും വിഷയ സമിതികൾക്ക് രുപം നൽകേണ്ടത്.

**IV.3** ഓരോ വിഷയമേഖലയിലേയും വികസന വിടവ്, ആവശ്യങ്ങൾ സാധ്യതകൾ തുടങ്ങിയവ വർക്കിങ്ങ് ഗ്രൂപ്പ് കണ്ടെത്തുകയും വിഷയസമിതിയിൽ ചർച്ചചെയ്ത് അന്തിമമാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്കും പഞ്ചായത്ത് ഭരണസമിതിക്കും നൽകണം .

**IV.4** എല്ലാ വാർഡിലും പഞ്ചവത്സര പദ്ധതി രീപീകരിക്കുന്നതിന് മൂന്നെ വയോജനം, വനിത,

പട്ടികജാതി, പട്ടികവർഗ്ഗം, യുവജനങ്ങൾ, കുട്ടികൾ എന്നിവരുടെ പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തണം.

**IV.5** ദാരിദ്ര നിർമ്മാർജനത്തിന് ആവശ്യമായ പ്രത്യേക പരിപാടികൾ ആവിഷ്ക്കരിക്കുക. ഇതിന് പ്രത്യേകം വർക്കിങ്ങ് ഗ്രൂപ്പ് രുപീകരിക്കണമെന്നില്ല. PPC തന്നെ ഈ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതാണ്.

**IV.6** ശേഖരിച്ച വിവരങ്ങൾ അയൽസഭ, വാർഡ്സഭ, പഞ്ചായത്ത് എന്നിരീതിയിൽ ശേഖരിച്ച് ക്രോഡീകരിക്കണം.

**IV.7** ഓരോ വിഷയ മേഖലയുമായി ബന്ധപ്പെട്ടവർക്ക് മുൻതൂക്കം നൽകി അയൽസഭ മുതൽ അതത് മേഖലയിലെ ചർച്ചകൾ നടത്തണം. ഇതിന് അതത് വർക്കിങ്ങ് ഗ്രൂപ്പുകളും, വിഷയ സമിതിയും മേൽനോട്ടം വഹിക്കണം.

**IV.8** ഇവയെല്ലാം ക്രോഡീകരിച്ച് അതത് മേഖലയിലെ സമഗ്രപദ്ധതികൾക്ക് രുപം നൽകണം .

**IV.9** പെർസ്പെക്റ്റീവ് പ്ലാനിന്റേയും, മാസ്റ്റർ പ്ലാനിന്റേയും അടിസ്ഥാനത്തിലും ഓരോ സെക്ടറിലേയും 5 വർഷത്തെ പരിപാടികൾ തയ്യാറാക്കി കഴിഞ്ഞാൽ, നിലവിലെ പ്രശ്നങ്ങൾ അവയുടെ തീവ്രത അതിന്റെ അടിസ്ഥാനത്തിൽ അഞ്ച് വർഷത്തേക്കുള്ള നയം, തന്ത്രം സമീപനം, വിഭവസമാഹരണം, പരിപാടികളുടെ മുൻഗണന എന്നിവ തയ്യാറാക്കി ഗ്രാമസഭകളിൽ അവതരിപ്പിക്കാൻ തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം.

## V. കരട് പദ്ധതിരേഖ

**V.1** പെർസ്പെക്റ്റീവ് പ്ലാനിന്റേയും മാസ്റ്റർപ്ലാനിന്റേയും, വിഷയ സമിതികളുടേയും ഗ്രാമസഭകളുടേയും ചർച്ചകളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ വർക്കിങ്ങ് ഗ്രൂപ്പ് അഞ്ച് വർഷത്തേക്കുള്ള പദ്ധതിയുടേയും. അദ്യവർഷത്തെ പദ്ധതിയുടേയും കരട് നിർദ്ദേശങ്ങൾ പഞ്ചായത്ത് ഭരണ സമിതിക്ക് ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കേണ്ടതാണ്.

**V.2** പഞ്ചായത്ത് ഭരണസമിതി പ്രാഥമിക ചർച്ചകൾക്ക് ശേഷം കരട് നിർദേശങ്ങൾ അയൽസഭകൾക്കും വാർഡ് സഭകളുടേയും ഗ്രാമസഭയുടേയും ചർച്ചകൾക്ക് വിധേയമാക്കണം. ഇവിടുന്ന് ഉയർന്ന് വരുന്ന നിർദേശങ്ങൾകുടി ക്രോഡീകരിച്ച് മുൻഗണ നിശ്ചയിച്ച് ഭരണസമിതിക്ക് അംഗീകാരത്തിനായി വർക്കിങ്ങ് ഗ്രൂപ്പ് സമർപ്പിക്കേണ്ടതും, പഞ്ചായത്ത് ഭരണസമിതി അന്തിമമായി അംഗീകാരം നൽകേണ്ടതുമാണ്.

**V.3** മുൻഗണന നിശ്ചയിച്ചതിൽ നയപരമായി വ്യതിയാനങ്ങൾ ഉള്ളപക്ഷം പഞ്ചായത്ത് ഭരണസമിതി ബന്ധപ്പെട്ട വിഷയ സമിതിയും കർമ്മ സമിതിയുമായി കുടിയാലോചിച്ച് അന്തിമ അംഗീകാരം പഞ്ചായത്ത് ഭരണസമിതി നൽകേണ്ടതാണ്.

## VI. വികസന സെമിനാർ

**VI.1** വികസന സെമിനാറിൽ പഞ്ചായത്ത് തല വിഷയ സമിതി അംഗങ്ങളും വാർഡ് വികസന സമിതി ഭാരവാഹികളും, വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങൾ, PPC അംഗങ്ങൾ, ധന കാര്യസ്ഥാപന പ്രതിനിധികൾ, ഓരോ മേഖലയിലേയും വിദഗ്ദ്ധർ എന്നിവരെക്കൂടാതെ തദ്ദേശ ഭരണ പ്രദേശത്തെ MP, MLA ജില്ലാ, ബ്ലോക്ക് അംഗങ്ങൾ എന്നിവരെക്കൂടി വികസന സെമിനാറിൽ ക്ഷണിക്കേണ്ടതാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തയ്യാറാക്കിയ കരട് നിർദേശങ്ങൾ പദ്ധതിരേഖയിലും. വികസനരേഖയിലും ഉൾപ്പെടുത്തി വികസന സെമിനറിൽ അവതരിപ്പിക്കേണ്ടതാണ്.

**VI.2** വികസന സെമിനാറിൽ വരുന്ന നിർദ്ദേശങ്ങൾ കുടി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പരിശോധിച്ച് അവശ്യമായ ഭേദഗതികൾ വരുത്തി ഭരണസമിതിക്ക് നൽകുകയും. ഭരണ സമിതി അന്തിമരേഖ അംഗീകരിക്കേണ്ടതുമാണ്.

## VII. വികസനരേഖ

പഞ്ചായത്തിന്റെ പെർസ്‌വെക്റ്റിവ് പ്ലാനിന്റേയും മാസ്റ്റർ പ്ലാനിന്റയും, അടിസ്ഥാനത്തിൽ, കാലാകാലമായി ഉയർന്ന് വരുന്ന വികസനപ്രശ്നങ്ങളുടേയും, അയൽ സഭ, വാർഡ് വികസനസമിതി, ഗ്രാമസഭ വിവിധ മേഖലയിലെ വിദഗ്ദ്ധർ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് വിവിധ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവയുമായി നടന്ന ചർച്ചകൾ എന്നിവയുടേയും അടിസ്ഥാനത്തിൽ, വിഷയ അടിസ്ഥാനത്തിൽ കർമ്മ സമിതികൾ ചർച്ചചെയ്ത് അഞ്ച് വർഷത്തേക്കുള്ള വികസന രേഖക്ക് രുപം നൽകുകയും ഇവ ക്രേഡീകരിച്ച് PPC അംഗീകാരത്തിനായി ഭരണ സമിതിക്ക് നൽകേണ്ടതാണ്.

### VII.1 വികസന രേഖയുടെ ഘടന

1. ആമുഖം.
2. കഴിഞ്ഞ അഞ്ച് വർഷത്തെ വിലയിരുത്തൽ
3. വികസന നയം, തന്ത്രം (പെർസ്പെക്റ്റീവ് പ്ലാനിന്റേയും, മാസ്റ്റർ പ്ലാനിന്റേയും അടിസ്ഥാനത്തിൽ)
4. വിഷയാടിസ്ഥാനത്തിൽ
    1. സ്ഥിതിവിവരം

2. നയം (സമഗ്രപരിപാടി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ)
3. ഏകവർഷ പ്രോജക്റ്റ് 5 വർഷത്തേക്ക്
4. ബഹുവർഷ പ്രോജക്റ്റ് അഞ്ച് വർഷത്തേക്ക്

## VIII. പദ്ധതിരേഖ

വികസനരേഖയുടെ അടിസ്ഥാനത്തിന്റെ മുൻഗണനാക്രമത്തിൽ ഓരോവർഷവും പദ്ധതിരേഖ തയ്യാറാക്കേണ്ടതാണ്.

1. ആമുഖം
2. മുൻവർഷത്തെ വിലയിരുത്തൽ
3. ഈ വർഷത്തെ വികസന സമീപനം തന്ത്രം
4. ഈ വർഷത്തെ വിഭവസമാഹരണ സാധ്യത.
5. ഒരോവിഷയത്തിലും മാറ്റിവക്കുന്ന തുക.
6. കൃത്യമായ പ്രോജക്റ്റ് നിർദേശങ്ങൾ, പേര്, ലഘുവിവരണം, മാറ്റിവയ്ക്കുന്ന തുക, പ്രതീക്ഷിത നേട്ടം.
7. സംയോജിത പരിപാടികൾ
8. ബഹുവർഷ പ്രോജക്റ്റുകൾ.

## IX. അംഗീകാര നടപടികൾ

പഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതിരേഖയും, വികസനരേഖയും DPC യാണ് അംഗീകാരം നൽകേണ്ടത്.

### IX.1 പ്രോജക്റ്റിന്റെ അംഗീകാരം

പദ്ധതിരേഖയുടേയും ഗൈഡ്‌ലൈനിന്റേയും അടിസ്ഥാനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദേശാനുസരണം, ടെക്നിക്കലി ഫീസിബിൾ ആണെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിങ്ങ് ഗ്രൂപ്പിന്റെ സഹായത്തോടെ പ്രോജക്ടുകൾ നിബന്ധനകൾക്ക് വിധേയമായി തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതിക്ക് സമർപ്പിക്കണം. പഞ്ചായത്ത് ഭരണ സമിതി ആവശ്യമായ ചർച്ചകൾക്കും പരിശോധനകൾക്കും ശേഷം അംഗീകാരം നൽകേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്റ്റ് നടപ്പിലാക്കേണ്ടതുമാണ്..

## X. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

1. വിവിധ ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിക്കപ്പെട്ട മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വാർഡ് വികസന സമിതി മാർക്കിട്ട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം.

2. മേപ്പടി മുൻഗണനാലിസ്റ്റ് അയൽസഭകളുടെ നിർദ്ദേശത്തിന്റെ ചർച്ചയുടെ അടിസ്ഥാനത്തിൽ വാർഡ് വികസന സമിതി ആവശ്യമായ ഭേദഗതി നിർദേശങ്ങളോടെ ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതും. ഗ്രാമസഭയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ അവസാന രൂപം നൽക്കി പഞ്ചായത്ത് ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.
3. വർക്കിങ്ങ് ഗ്രൂപ്പുകൾ വിവിധ ഗ്രാമസഭ തയ്യാറാക്കിയ മൂൻഗണന ലിസ്റ്റിനെ പഞ്ചായത്ത് അടിസ്ഥാനത്തിൽ മൂൻഗണന നിശ്ചയിച്ച് പഞ്ചായത്ത് ഭരണ സമിതിക്ക് നൽകണം. ഭരണ സമിതി ലിസ്റ്റ് ചർച്ചചെയ്യത് ഭേദഗതി നിർദ്ദേശങ്ങളോടുകുടി ലിസ്റ്റ് പ്രസിദ്ധികരിക്കേണ്ടതാണ്.
4. ആക്ഷേപങ്ങളുണ്ടെങ്കിൽ അയതുകുടി പരിഗണിച്ച് അന്തിമ ലിസ്റ്റ് അംഗികരിക്കേണ്ടതും പ്രസിദ്ധികരിക്കേണ്ടതുമാണ്. അർഹത, സത്യസന്ധത, സുതാര്യത, സാമുഹ്യനീതി എന്നിവയുടെ അടിസ്ഥാനത്തിൽ സത്യസന്ധതയോടുകുടി പക്ഷപാതരഹിതമായി മൂൻഗണനാലിസ്റ്റ് തയ്യാറാക്കാൻ ഒരോ സമിതിക്കും കഴിയണം.

## XI. അപ്പലറ്റ് സംവിധാനം

മാർഗ്ഗ നിർദേശത്തിന് വ്യത്യസ്തമായി പഞ്ചായത്ത് ഭരണ സമിതി പ്രാദേശിക പരിഗണനയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായി തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജകറ്റുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അപ്പലറ്റ് സമിതി ഉണ്ടാവണം.

### XI.1 ജില്ലാതല അപ്പലറ്റ് സമിതി

DPC ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട മേഖലയിൽ വകുപ്പ് മേധാവിയും രണ്ടിൽ കുറയാത്ത സാങ്കേതിക വിദഗ്ദ്ധരും ഗ്രാമ, ബ്ലോക്ക്, മുൻസിപ്പൽ അസോസിയേഷൻ പ്രതിനിധികളും, DPCയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗവും അടങ്ങുന്ന സബ് കമ്മിറ്റി ആയിരിക്കണം ജില്ലാതല അപ്പലറ്റ് സമിതി. ഇതിന്റെ കൺവീനർ DDPയായിരിക്കണം. ബന്ധപ്പെട്ട പഞ്ചായത്തുകളിലെ പ്രോജക്റ്റിന്റെ ആവശ്യകത, സാദ്ധ്യത, ലക്ഷ്യം തുടങ്ങിയവ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചശേഷമാവണം അംഗീകരിക്കണോ തള്ളണോ എന്ന തിരുമാനമെടുക്കേണ്ടത്.

### XI.2 സംസ്ഥാനതലത്തിൽ കോഡിനേഷൻ കമ്മിറ്റി

വകുപ്പ് മന്ത്രി ചെയർമാനും തദ്ദേശ സ്വയം ഭരണം, ധനകാര്യം, മറ്റ് ബന്ധപ്പെട്ട വകുപ്പു പ്രതിനിധികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനപ്രതിനിതിധികൾ പ്ലാനിങ്ങ് ബോർഡ് പ്രതിനിധികൾ വിഷയ വിദഗ്ദ്ധർ എന്നിവരടങ്ങുന്നതാവണം കോഡിനേഷൻ സമിതി. ഈ സമിതി സംസ്ഥാനതല അപ്പലറ്റ് ബോഡിയുമായി പ്രവർത്തിക്കണം.

## XII. നിർവ്വഹണം

1. നിർവ്വഹണത്തിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്താൻ ഉതകുന്ന തരത്തിൽ സ്ഥിരം സംഘടനാസംവിധാനങ്ങൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ ഉണ്ടാവണം.
2. വിഷയ സമിതികൾ നിർവ്വഹണത്തിൽ കാര്യക്ഷമമായി ഇടപെടണം.
3. ഒന്നിൽക്കൂടുതൽ പഞ്ചായത്തുകൾ ചേർത്തുള്ള സംയുക്ത പ്രോജക്റ്റുകൾ ആണെങ്കിൽ ഏത് സ്ഥാപനമാണോ കുടുതൽ തുക വകയിരുത്തുന്നത് അവർക്കായിരിക്കണം നിർവ്വഹണ ചുമതല.
4. ത്രിതല പഞ്ചായത്തുകൾ ചേർന്നാണ് ചെയ്യുന്നത് എങ്കിൽ നിർവഹണം ഏത് തലത്തിൽ ആയിരിക്കും എന്നത് പ്രോജക്റ്റിന്റെ സ്വഭാവമനുസരിച്ച് തീരുമാനിച്ചിരിക്കണം.
5. അയൽ സഭകൾക്ക് പൊതുപരിപാടികളുടെ നിർവ്വഹണത്തിന്റെ പ്രാദേശിക ഉത്തരവാദിത്വം ഉണ്ടായിരിക്കണം.
6. പദ്ധതി അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ ഓരോ വർക്കിങ്ങ് ഗ്രൂപ്പിലും വരുന്ന പ്രോജക്റ്റിന്റെ നിർവ്വഹണ കലണ്ടർ തയ്യാറാക്കുകയും, സ്റ്റാന്റിങ്ങ് കമ്മിറ്റിതല നിർവ്വഹണകലണ്ടറും, പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് പഞ്ചായത്ത് തല നിർവ്വഹണ കലണ്ടറും തയ്യാറാക്കണം.
7. പദ്ധതി അടങ്കൽ തുകയുടെ ഇരുപത് ശതമാനം തുക ക്യാരിഓവർ ആയി നിലനിർത്തണം.

## XIII. പങ്കാളിത്തം

1. കേരളത്തിൽ 9-ാം പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിലുടെ മുന്നോട്ട് വന്ന ജനപങ്കാളിത്തം നിലനിർത്താനായി തുടർന്നുള്ള പദ്ധതികാലയളവിൽ കഴിഞ്ഞില്ല. പങ്കാളിത്തം ഉറപ്പ് വരുത്താതെ സ്ഥായിയായവികസനം എന്ന ലക്ഷ്യത്തിൽ എത്തിചേരുക എളുപ്പമല്ല എന്നതാണ് കഴിഞ്ഞ 20 വർഷം നമ്മെ പഠിപ്പിക്കുന്നത്. പങ്കാളിത്തം ഉറപ്പ് വരുത്താൻ കഴിയുന്നതരത്തിൽ സ്ഥായിയായ സംവിധാനങ്ങൾ 13-ാം പദ്ധതിയിൽ നമുക്ക് ഉണ്ടാവണം.
2. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ ആസൂത്രണ, നിർവ്വഹണ, ഭരണ പ്രവർത്തനങ്ങളിൽ പങ്കാളിത്തത്തിന്റെ ഗുണപരമായ മാറ്റം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഗ്രാമസഭപോലെ അയൽസഭകളും വാർഡ് വികസന സമിതികളും, പഞ്ചായത്ത് വികസന സമിതിയും വിഷയസമിതിയും നിയമപരമാകണം. എന്നാൽ ഇത് രൂപീകരിക്കാനായി അതിന്റെ ഘടനയും പൊതുനിർദ്ദേശവും മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. രൂപീകരണം, പ്രവർത്തന രൂപരേഖ തയ്യാറാക്കൽ, പ്രവർത്തിപ്പിക്കൽ എന്നിവയ്ക്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടാവണം.
3. സോഷ്യൽ ആഡിറ്റിന് പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കണം. സോഷ്യൽ ആഡിറ്റിൽ കണക്കുകൾ മാത്രമല്ല പെർഫോർമൻസും ഉൾപ്പെടുത്തണം. സോഷ്യൽ ആഡിറ്റ് റിപ്പോർട്ട്,

പഞ്ചായത്ത് ഭരണസമിതി വിശദീകരണ റിപ്പോർട്ട് എന്നിവ മറ്റ് ആഡിറ്റിന് വിധേയമാക്കണം.

4. പഞ്ചായത്തിന്റെ എല്ലാ ഘടകസ്ഥാപനങ്ങളിലും മാനേജ്മെന്റ് കമ്മിറ്റികൾ കൊണ്ട് വരണം. അതിന് പ്രത്യേക പ്രവർത്തന ചട്ടങ്ങൾ ഉണ്ടാക്കണം. ഇത്തരം സംവിധാനങ്ങൾ സ്ഥാപനങ്ങൾ പൊതുജനത്തിന്റേതാണ് എന്ന പ്രതിനിതി ജനിപ്പിക്കാനും, സംരക്ഷണ സമിതികളായി പ്രവർത്തിക്കാനും ഉതകുന്ന തരത്തിൽ ആവണം. ഇവ തയ്യാറാക്കുന്ന റിപ്പോർട്ട് ഗ്രാമസഭകളിൽ/വാർഡ് സഭകളിൽ അവതരിപ്പിച്ച് ചർച്ചചെയ്യണം.

## XIV. ഗ്രാമസഭകൾ

1. ആസൂത്രണ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭകൾ നേരത്തേ നിശ്ചയിക്കുകയും, ആ വിവരം ബന്ധപ്പെട്ട എല്ലാവരെയും രേഖാമൂലം നേരത്തേ തന്നെ അറിയിക്കുകയും വേണം.
2. മുകളിൽ സൂചിപ്പിക്കുന്ന രണ്ട് ഗ്രാമസഭാ തിയതി നിശ്ചയിക്കുന്ന പഞ്ചായത്ത് യോഗത്തിലേക്ക് ആ പഞ്ചായത്ത് പ്രദേശത്തുവരുന്ന ബ്ലോക്ക്, ജില്ലാ പ്രതിനിധികൾ എം.എൽ എ, എം.പി. എന്നിവരെ കൂടി ക്ഷണിക്കണം.
3. ഓരോ ആവശ്യത്തിനും പ്രത്യേകം പ്രത്യേകം ഗ്രാമസഭ എന്നത് മാറണം. പരമാവധി ആവശ്യങ്ങൾ ഇന്റഗ്രേറ്റ് ചെയ്തുവേണം ഗ്രാമസഭ വിളിക്കാൻ. അല്ലെങ്കിൽ അതിന്റെ ഗൗരവം കുറഞ്ഞുപോകും.
4. ഗ്രാമസഭയുടെ വിലയിരുത്തലിൽ, ത്രിതല പഞ്ചായത്തുകളുടെയും വകുപ്പുകളുടെയും വിലയിരുത്തൽകൂടി നടക്കണം.
5. ഗ്രാമസഭയുടെ തീരുമാനം തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുടെ, ഭരണത്തിന്റെ മറ്റ് പ്രവർത്തനങ്ങളുടെ ഭാഗമാക്കണം. എന്നാൽ എന്തെങ്കിലും കാരണവശാൽ അത്തരത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ കാര്യകാരണസഹിതം അടുത്ത ഗ്രാമസഭയിൽ അദ്ധ്യക്ഷൻ അവതരിപ്പിക്കേണ്ടതാണ്.
6. അയൽസഭകൾ ഗ്രാമസഭയുടെ ഉപഘടകങ്ങളായി മാറണം. ഗ്രാമസഭകൂടുന്നതിന് മുന്നെ അയൽസഭകൾ ചേരണം..

## XV. വിലയിരുത്തൽ

1. പദ്ധതി ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാകണമെങ്കിൽ ശക്തമായ മോണിറ്ററിങ്ങു വിലയിരുത്തലും അനിവാര്യമാണ് .ഇത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുള്ളിലും, DPC തലത്തിലും വകുപ്പ് തലത്തിലും നടക്കണം.
2. സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന ഓരോ വിഷയവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെ യോഗം എല്ലാ മാസവും നടത്തിരിക്കണം. ഓരോ സ്റ്റാന്റിങ്ങ് കമ്മിറ്റിയും ചുമതലപ്പെടുത്തുന്ന ജനപ്രതിനിധികൾ ബന്ധപ്പെട്ട സ്ഥാപന

ത്തിൽ ആഴ്ചയിൽ ഒരിക്കൽ സന്ദർശനം നടത്തി അവിടത്തെ ജീവനക്കാർ, അവിടെ വരുന്ന ഗുണഭോക്താക്കൾ എന്നിവരുമായി ആശയവിനിമയം നടത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. ചർച്ച ചെയ്ത് അതത് അതലത്തിൽ പരിഹരിക്കാൻ കഴിയാത്തത് പഞ്ചായത്ത് ഭരണസമിതിയിൽ ചർച്ചചെയ്ത് പരിഹരിക്കണം.

3. ഓരോ പ്രോജക്റ്റ് പുർത്തിയാകുമ്പോഴും അതിന്റെ ഗുണഭോക്താക്കളെ വിളിച്ചുചേർത്ത് സോഷ്യൽ ആഡിറ്റിന് വിധേയമാക്കി ആ റിപ്പോർട്ട്കുടി പ്രോജക്റ്റ് ഫയലിൽ ചേർക്കണം
4. സോഷ്യൽ ആഡിറ്റ് സംവിധാനം നിർബന്ധമാക്കണം.
5. വർക്കിങ്ങ് ഗ്രൂപ്പിനെ വിലയിരുത്തൽ സമിതിയും വിഷയ സമിതികൾ നിർവ്വഹണസഹായ സമിതികളായും പ്രവർത്തിക്കണം.

## XVI. കൃഷിയും അനുബന്ധ മേഖലയും

പഞ്ചായത്തുകളെ തരിശ്ശ് രഹിതമാക്കുകയും, ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മണ്ണ്, കാലാവസ്ഥ, പ്രകൃതി, ജൈവവൈവിദ്ധ്യം, ജല ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ കൃഷി പ്രോത്സാഹിപ്പിക്കുക.


1. കൃഷി മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടേയും സംവിധാനങ്ങളുടെയും ബൈലോ പ്രവർത്തന മാനുവൽ, ചട്ടങ്ങൾ എന്നിവ അധികാര വികേന്ദ്രീകരണത്തിനു അനുകൂലമായ രീതിയിൽ പുനഃക്രമീകരിക്കണം.
   ഉദാ: കാർഷിക ബാങ്കുകൾ, സഹകരണ സംഘങ്ങൾ, കാർഷിക ഇൻഫർമേഷൻ സെന്ററുകൾ, കാർഷിക മൃഗസംരക്ഷണ ഫാമുകൾ, കയറ്റുമതി പ്രോത്സാഹന സ്ഥാപനങ്ങൾ, കാർഷിക വെറ്ററിനറി, സമുദ്രോല്പന്ന സർവ്വകലാശാലകൾ.
2. ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും വ്യവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർക്ക് ജൈവ സർട്ടിഫിക്കേഷൻ ഉല്പാദന കേന്ദ്രങ്ങളിൽ പോയി നൽകാനുമുള്ള സംവിധാനം ഉണ്ടാകണം.
3. കാർഷിക മൃഗസംരക്ഷണ മത്സ്യ-മാസം ഉല്പാദന മേഖലകളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും സർക്കാരുമായി ചേർന്ന് സംരഭങ്ങൾ ആരംഭിക്കണം. അവിടെ പ്രാദേശിക ഉല്പന്നങ്ങളുടെ സംഭരണ വിതരണ വിപണന സംവിധാനം ഉണ്ടാവണം.
4. കാർഷിക മേഖലയിൽ ജൈവവള കൃഷിയെ പ്രോത്സാഹിപ്പിക്കുകയും മാലിന്യ സംസ്കരണവും ശുചിത്വ പ്രവർത്തനങ്ങളും കാർഷിക മേഖലയുമായി ബന്ധിപ്പിക്കുകയും വേണം.
5. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മണ്ണ്, ജലം എന്നിവ പരിശോധിക്കാനടക്കം കൃഷി ഭവനുമായി ചേർന്ന് ലാബ് സംവിധാനം ഉണ്ടാകണം.

6. മണ്ണ്, ജലം എന്നിവ പരിശോധിച്ച് മണ്ണ് ജല പ്രത്യേകത വെളിവാക്കുന്ന മാപ്പ് തയ്യാറാക്കണം.
7. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നീർത്തടാധിഷ്ഠിത സമഗ്ര വികസന മാസ്റ്റർ പ്ലാന് രൂപം നൽകണം. ഇതിന്റെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അയൽസഭ, ഗ്രാമസഭ, പഞ്ചായത്തുകൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, വിവിധ വകുപ്പുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പങ്ക് കൃത്യമായി വിവക്ഷിക്കുന്നതാവണം.
8. കാർഷിക മേഖലയിൽ കർഷകർക്ക് കുറഞ്ഞ ചെലവിൽ വൈദഗ്ദ്ധ്യമുള്ള സേവനം സമയബന്ധിതമായി നൽകുന്നതിനും ചെറുപ്പക്കാർക്ക് നല്ല വരുമാന സാധ്യതയുള്ള തൊഴിൽ ഉറപ്പുവരുത്തുന്നതിനും കാർഷികോല്പാദനോപാധികൾ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിനും ജൈവ ഉല്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും വേണ്ടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഘട്ടം ഘട്ടമായി കാർഷിക കർമ്മസേനകൾക്ക് രൂപം നൽകണം.
9. കാർഷിക കർമ്മ സേനകൾക്ക് 100% സബ്സിഡിയിൽ കാർഷിക യന്ത്രോപകരണങ്ങൾ കൃഷിവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നൽകുന്നതിനും നിരന്തരമായ പരിശീലനം ലഭ്യമാക്കുന്നതിനും സംവിധാനം ഉണ്ടാവണം.
10. നിലവിലുള്ള കൃഷി ഫാമുകളെ വിത്ത് തൈ ഉല്പാദനം സംഭരണം വിതരണം എന്നിവയോടൊപ്പം കർഷകർക്ക് പഠിക്കാനും പരിശീലനം നൽകാനും പറ്റിയ തരത്തിൽ മോഡലുകൾ വികസിപ്പിച്ച് ഇവ പ്രായോഗിക പരിശീലന കേന്ദ്രങ്ങൾ ആകണം.
11. നെൽകൃഷിചെയ്യുന്ന പഞ്ചായത്തുകൾക്ക് ഭക്ഷ്യസുരക്ഷയുടെ ഭാഗമായി വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അധികതുക നൽകാൻ സംവിധാനമുണ്ടാകണം.
12. കുളങ്ങൾ, നെൽവയലുകൾ, നീർച്ചാലുകൾ എന്നിവിടങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിന് സംവിധാനം ഉണ്ടാകണം.
13. കാർഷിക മേഖലയിലെ കയറ്റുമതിസാങ്കേതിക സഹായം, വൻകിട ജലസേചന സൗകര്യം, വിപണിയന്ത്രവത്കരണത്തിന്റെ സഹായം, പ്രചരണം തുടങ്ങിയ പ്രവർത്തനങ്ങളൊഴികെ എല്ലാ കാർഷികവൃത്തിയുടേയും ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങൾക്കായിരിക്കണം.
14. പരിസ്ഥിതി-ജൈവപരിപാലനവും പരിപോഷണവും സമഗ്രകാർഷിക പരിപാടിയും വഴി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ തരിശുരഹിതമാക്കിമാറ്റുക, ജൈവകൃഷി പരമാവധി പ്രോത്സാഹിപ്പിക്കുക, പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുക, മണ്ണ് ജല സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക ഉല്പാദനോപാധികളുടെ ലഭ്യത, വിപണി തുടങ്ങിയവ ഉറപ്പുവരുത്തുന്നതരത്തിൽ ഉദ്ഗ്രഥിത, സമഗ്രപദ്ധതികൾ തീർത്തടാടിസ്ഥാനത്തിലും, നീർത്തടമില്ലാത്ത സ്ഥലങ്ങളിൽ അല്ലാതെയും രുപം നൽകണം. സർക്കാർ,വിവിധ ഏജൻസികൾ, വകുപ്പുകൾ ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത ഇടപെടലിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ പങ്കാളിത്തത്തോടെയാവണം

ഈ പദ്ധതിക്ക് രൂപം നൽകേണ്ടത്. ഇതിന്റെ നിർവ്വഹണവും ഇത്തരത്തിൽ ആയിരിക്കണം.

15. കാർഷിക കർമ്മസേനകൾ, സ്വയംസഹായസംഘങ്ങൾ, കുടുംബശ്രീ തുടങ്ങിയവ ഏറ്റെടുക്കുന്ന തരിശ്ശുഭൂമി കൃഷിചെയ്യാൻ പ്രത്യേക സഹായം ഉണ്ടാവണം.
16. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവ ഉത്പാദനോപാദികളും ഉൽപ്പന്നങ്ങളും വിപണനത്തിന് പറ്റിയ തരത്തിൽ എക്കോഷോപ്പുകൾ ആരംഭിക്കണം. ഇതിന്റെ ഔട്ട്ലെറ്റുകൾ എല്ലാ വാർഡിലും ആരംഭിക്കണം. പഞ്ചായത്തിലെ വിപണന സംവിധാനവുമായി കുട്ടിയോജിപ്പിക്കണം.
17. എല്ലാ സഹകരണ സ്ഥാപനങ്ങളിലും വിപണന സംവിധാനവും സംഭരണ സംവിധാനവും ഒരുക്കണം.
18. കൃഷി, മണ്ണ് ജലസംരക്ഷണം, വാട്ടർ റീചാർജിങ്ങ്, കയ്യാലപണിയൽ, കല്ലുകെട്ടൽ, ബണ്ട് നിർമ്മിക്കൽ എന്നിവയ്ക്ക് പ്രത്യേക സമഗ്രപരിപാടി തയ്യാറാക്കുകയും MGNREGSന്റെ സേവനം പരമാവധി ഉപയോഗിക്കുകയും വേണം.
19. കൃഷിയുമായി ബന്ധപ്പെട്ട് കർഷകർ, കൃഷി ഉപസമിതി, കാർഷിക കർമ്മസേന, പാടശേഖര സമിതികൾ എന്നിവർക്ക് കൃത്യമായ മോഡ്യൂൾ തയ്യാറാക്കി പരിശീലനം,ബോധവൽക്കരണം എന്നിവയ്ക്ക് പ്രോജക്റ്റ് തയ്യാറാക്കാൻ കഴിയണം.
20. കൃഷി ആധുനികവൽക്കരിക്കണം. അതിനായി ഓട്ടോമറ്റിക്ക് ട്രിപ്പ് ഇറിഗേഷൻ, മഴമറ, പോളി ഹൗസ് തുടങ്ങിയവയെല്ലാം ഉപയോഗിക്കണം.
21. ഉത്പ്പന്നങ്ങൾക്ക് വിപണിസാധ്യത ഉയർത്താനായി ഉൽപ്പന്നങ്ങളുടെ സ്ഥിതി, വില ലഭ്യത എന്നിവ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ, വെബ്സൈറ്റ് ഉൾപ്പെടെ ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉണ്ടാവണം.
22. തരിശ്ശ് ഭൂമികളിൽ, സാധ്യതയുള്ള സ്ഥലങ്ങളിൽ ഒക്കെ ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കണം.
23. പാല്, മുട്ട, മാംസം, മത്സ്യം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കാനും, അതുവഴി സ്ഥിരവരുമാന സാധ്യത ഉറപ്പ് വരുത്താനും സംവിധാനമുണ്ടാവണം.
24. മാംസം വൃത്തിയോടെ, അണുവിമുക്തമായ രീതിയിൽ നൽകാൻ കഴിയണം. അതിനായി ശാസ്ത്രീയമായ സ്ലാട്ടർ ഹൗസ്, പാക്ക് ചെയ്ത് നൽകാനുള്ള സംവിധാനം എന്നിവ ഉണ്ടാവണം.

ഇത്തരത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കുന്ന പ്ലാനിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വർക്ക് പ്ലാനിന്റെ വെളിച്ചത്തിൽ ചുവടെ കൊടുക്കുന്ന തരത്തിൽ നിർവ്വഹണം നടക്കണം.




## XVII. ചെറുകിടസംരംഭം–ലോക്കൽ എക്കണോമിക്ക് ഡെവലപ്പ്മെന്റ്

ധാരാളം തൊഴിൽ സംരംഭങ്ങളും ഉത്പാദന യുണിറ്റുകളും അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ബഹുഭുരിപക്ഷവും കാര്യക്ഷമമല്ല എന്ന സത്യം നാം തിരിച്ചറിയണം. ഇന്റഗ്രേഷന്റെ അഭാവം, പിൻതുണാസംവിധാനത്തിന്റെ കുറവ്, തുടർപ്രവർത്തനങ്ങൾക്കുള്ള സഹായമില്ലായ്മ, ആസൂത്രണത്തിലെ ദീർഘവീക്ഷണമില്ലായ്മ, അനുയോജ്യമായ പരിശീലനം ലഭിക്കാത്തത്, വിപണി ഉറപ്പുവരുത്താത്തത് ഇത്തരത്തിൽ ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇവ പരിഹാരിച്ചു യുവതി യുവാക്കൾക്ക് സ്ഥിരവരുമാനമുള്ള തൊഴിൽ, ഉത്പാദന സംരംഭങ്ങൾക്ക് രൂപം നൽകുന്നതിന് സഹായകമാവണം, 13-ാം പദ്ധതി.

1. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ആരംഭിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് ധാനകാര്യസ്ഥാപനങ്ങൾ, വ്യവസായവകുപ്പ്, കുടുംബശ്രീ, ജില്ലപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് തുടങ്ങിയവർ സാമ്പത്തികമായും, സാങ്കേതികമായും സഹായിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം.
2. പ്രാദേശികമായി ആരംഭിക്കുന്ന തൊഴിൽ, ഉൽപ്പാദനയൂണിറ്റുകൾക്ക് വേണ്ട സാങ്കേതിക പിൻതുണ നൽകാൽ ജില്ലാതലത്തിലും ക്വാളിറ്റി കൺട്രോൾ, പാക്കിങ്ങ് സംവിധാനമുണ്ടാവണം.

3. ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലും വലിയ തൊഴിൽ, ഉത്പ്പാദന യൂണിറ്റുകൾ ആരംഭിക്കണം അവയ്ക്ക് ആവശ്യമായ ഉപഉൽപ്പന്നങ്ങളുടെ ഉത്പാദനം നടത്താൻ പ്രദേശികമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സംവിധാനമുണ്ടാവണം
4. പ്രാദേശികമായും ,വീടുവീടാന്തരവുമുള്ള വിപണന സംവിധാനങ്ങൾക്ക് രുപം നൽകുന്നതോടൊപ്പം സഹകരണസംഘങ്ങൾ.മാവേലി സ്റ്റോറുകൾ, റേഷൻ കടകൾ. സപ്ലൈക്കോ തുടങ്ങി സംവിധാനങ്ങൾ വഴിയും വിപണന സാധ്യത ഉറപ്പ് വരുത്തണം.
5. അധികാര വികേന്ദ്രീകരണ പ്രക്രിയയെ സഹായിക്കാൻ ഉതകുന്നതരത്തിൽ വ്യവസായ വകുപ്പിലെ മാനുവലുകൾ, ചട്ടങ്ങൾ, നിയമം എന്നിവ പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തണം. വ്യവസായ വകുപ്പിലെ പ്രത്യേകിച്ച് ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം.
6. വ്യവസായ വികസനത്തിന് ഉതകുന്ന ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെ സേവനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കാൻ ഉതകുന്നതരത്തിൽ പുനഃക്രമീകരിക്കണം.
7. അസംസ്കൃതവസ്തുകൾ, പശ്ചാത്തല സൗകര്യം, മാനേജ്മെന്റ് പിൻതുണ എന്നിവ ഉറപ്പാക്കിക്കൊണ്ട് സംരംഭക ഹബ്ബുകൾ എന്ന സംയോജിത പദ്ധതികൾക്ക് രുപം നൽകാൻ കഴിയണം.
8. എല്ലാ ജില്ലാപഞ്ചായത്തിന്റെ കഴിവും സംരഭകത്വ പരിശീലനം, മാനേജ്മെന്റ് പരിശീലനം, ഇൻഫർമേഷൻ സംവിധാനം, തൊഴിൽ പരിശീലനങ്ങൾ വിപണനപരിശീലനം, സോഫ്റ്റ്സ്ക്കിൽ ഡവലപ്മെന്റ് എന്നിവയ്ക്കായി നിരന്തരം പരിശീലനം നൽകാൻ ഒരു സ്ഥിരം സംവിധാനം ഉണ്ടാവണം.
9. കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി, പാല്, മുട്ട, മാംസം എന്നിവയുടെ പ്രാദേശിക ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള തൊഴിൽ, ഉത്പാദനയൂണിറ്റുകൾക്ക് മുൻതുക്കം നൽകണം.

### XVII.1 പ്രവർത്തനങ്ങൾ

1. റാമെറ്റീരിയൽസിന്റെ ലഭ്യത, വിപണനസാധ്യത, ഉത്പാദനത്തിന്, നടത്തിപ്പിന് ലഭ്യമാകുന്ന പിൻതുണ എന്നിവയുടെ ലഭ്യത, അവസ്ഥ മനസ്സിലാക്കാൻ പ്രാദേശിക പഠനപ്രവർത്തനങ്ങൾ നടക്കണം.
2. അതിന്റെ അടിസ്ഥാനത്തിൽ സമഗ്രപദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രുപം നൽകണം. ഇതിന്റെ രുപീകരണത്തിലും നിർവ്വഹണത്തിലും സാധ്യമായ മുഴുവൻ സംവിധാനങ്ങളേയും കുട്ടിയിണക്കണം.
3. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ, തൊഴിൽ സംരംഭങ്ങളുടേയും, ഉത്പാദനയൂണിറ്റുകളുടേയും മോണിറ്ററിങ്ങ്, പ്രശ്നപരിഹാരം എന്നിവയ്ക്കായി ഒരു മാനേജ് മെന്റ് കമ്മിറ്റിക്ക് രുപം നൽകണം.

## XVIII. പശ്ചാത്തല മേഖല

1. പശ്ചാത്തലമേഖലയെ സംരക്ഷിക്കുന്നതിന് കഴിയുന്ന തരത്തിൽ ആവശ്യമായ ഫണ്ടിന്റെ ലഭ്യത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കണം.
2. എല്ലാ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും, റോഡ്, വൈദ്യുതി ലൈൻ, കുടിവെള്ളലൈൻ, കുടിവെള്ള ലഭ്യതകുറവ് എന്നിവയുടെ മാപ്പ് തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് കണക്റ്റിവിറ്റി പ്ലാനും, റോഡ് പുനരുദ്ധാരണ പ്ലാനും, റോഡ് മെയിന്റനൻസ് പ്ലാനും, തെരുവ് വിളക്ക്, വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ എന്നിവയ്ക്ക് സമഗ്രവികസന പദ്ധതി അഞ്ച് വർഷത്തേക്ക് തയ്യാറാക്കണം. അതിൽ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകൾ, MLA, MP ഫണ്ടുകൾ, വിവിധ വകുപ്പ്തല പദ്ധതികൾ, MGNREGS എന്നീ വിവിധ സ്രോതസ്സുകൾ കൂട്ടിയിണക്കി വേണം അഞ്ച് വർഷത്തേക്കുള്ള പദ്ധതിക്ക് രൂപം നൽകാൻ.
3. പരമ്പരേത്യതര ഊർജ്ജ പദ്ധതികൾ നടപ്പിലാക്കണം. ഊർജ്ജ സംരക്ഷണത്തിന്, ചെലവ് കുറയ്ക്കുന്ന പരമാവധി സംവിധാനങ്ങൾ പ്രാദേശികമായി രൂപപ്പെടുത്തി പരിപാലിക്കുന്നതിനായി സബ്സിഡിടൈസ് നിരക്കിൽ ഉപാധികൾ ലഭ്യമാക്കാൻ സംവിധാനമുണ്ടാവണം.
4. പ്രാദേശിക സർക്കാർതലത്തിൽ ഇവയുടെ മെയിന്റനൻസ് സേവനം ലഭ്യമാക്കുന്നതിന് വിദഗ്ദ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻസിന്റെ ഗ്രൂപ്പ് ഉണ്ടാവണം. ഇവർക്ക് വേണ്ട വൈദഗ്ദ്ധ്യ പരിശീലനം, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ സർക്കാർ പ്രത്യേക സംവിധാനമുണ്ടാക്കണം.
5. റോഡുകളുടെ അറ്റകുറ്റപണി അപ്പപ്പോൾ ചെയ്ത് തീർക്കുന്നതിനും, റോഡ് മോണിറ്ററിങ്ങിനുമായി എഞ്ചിനിയറിങ്ങ് വിഭാഗം, ജനപ്രതിനിധികൾ ,സന്നദ്ധ പ്രവർത്തകർ എന്നിവരെ ചേർത്ത് ഒരു സ്ഥിരം സംവിധാനമുണ്ടാവണം.
6. പെതുകെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ, ഓട, വൈദ്യുതിലൈൻ തുടങ്ങിയവയുടെ സംരക്ഷണം ഉത്തരവാദിത്വം അയൽസഭകൾക്ക് നൽകാൻ വ്യവസ്ഥ ചെയ്യണം.
7. വികസനരേഖയുടെ അടിസ്ഥാനത്തിൽ ഏകവർഷ പ്രോജക്റ്റും മൾട്ടി ഇയർ പ്രോജക്റ്റും രേഖപ്പെടുത്തി അംഗീകാരം വാങ്ങണം.

## XIX. ക്ഷേമമേഖല

ജനക്ഷേമ പദ്ധതികളുടെ രൂപീകരണ, നിർവ്വഹണം. നിരിക്ഷണ തലമായി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മാറണം. ക്ഷേമപ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യം വളരെ വേഗത്തിൽ കൈവരിക്കാൻ കഴിയണമെങ്കിൽ, എല്ലാതലത്തിലുള്ള വൈദഗ്ദ്ധ്യത്തേയും സാങ്കേതിക സ്രോതസ്സുകളേയും കൂട്ടിയിണക്കി ഉത്ഗ്രഥിതവും സമഗ്രവുമായ സമീപനം ഉണ്ടായേ കഴിയൂ. ഇതിൽപ്പെടുന്ന ഓരോ മേഖലയ്ക്കും, കേന്ദ്ര സംസ്ഥാന നയത്തിന്റെ അടിസ്ഥാന

ത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഒരു നയം ഉണ്ടാവണം. ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ നയങ്ങൾ രൂപപ്പെടുത്തുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ മുന്നിൽനിർത്തി മാത്രമേ പദ്ധതിക്ക് രുപം നൽകാൻ പാടുള്ളു.

## XX. വയോജനം

1. പഞ്ചായത്തുകളിൽ അയൽസഭ മുതൽ പഞ്ചായത്തുതലംവരെ എല്ലാ വയോജനങ്ങ ളേയും ചേർത്ത് വയോജന കുട്ടായ്മക്ക് രുപം നൽകണം.
2. കേന്ദ്ര സംസ്ഥാന നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ പ്രാദേ ശിക സർക്കാരുകൾക്ക് ഈ നയത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക നയങ്ങളും കർമ്മപരിപാടികളും തയ്യാറാക്കാൻ കഴിയണം.
3. ധാരാളം മനുഷ്യ വിഭവശേഷിയുള്ള വയോജന സംഘടനയുടെ നേതൃത്വത്തിൽ അവ രുടെ പ്രശ്നങ്ങൾ കണ്ടെത്തി ആശ്രയ മോഡലിൽ സമഗ്രപരിപാടി തയ്യാറാക്കണം.
4. വയോജനങ്ങൾക്ക് യോഗ, കൗൺസലിങ്ങ് എന്നിവ നടത്താൻ അനുമതി ഉണ്ടാവണം. സ്കൂളുകൾ, സ്ഥാപനങ്ങൾ, കുടുംബം എന്നിവ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗ്മായുള്ള ബോധവൽക്കരണ പ്രവർത്തനത്തിന് അനുമതി ഉണ്ടാവണം.
5. വയോജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, തർക്കങ്ങൾ പരിഹ രിക്കുന്നതിന് പരാതി പരിഹരിക്കുന്നതിന് പഞ്ചായത്തുകളിൽ ജാഗ്രതാസമിതി പോലെ ഒരു സ്ഥിരം സംവിധാനമുണ്ടാവണം.
6. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി വയോജന തൊഴിൽ പാക്കേജ്, ആരോഗ്യ പാക്കേജ്, കലാട്രൂപ്പുകൾ, സാഹിത്യസമിതികൾ എന്നിവക്ക് രുപം നൽകാൻ പഞ്ചായ ത്തുകൾക്ക് അനുമതി ഉണ്ടാവണം.
7. വയോജന ക്ലബ്ബുകൾക്ക് വിനോദത്തിനുള്ള  ഉപകരണങ്ങൾ വാങ്ങി നൽകാൻ, വിനോ ദയാത്രകൾക്ക് സഹായിക്കാൻ അനുമതി ഉണ്ടാവണം.
8. എല്ലാ വാർഡിലും വയോജന പകൽവീടുകൾ ഉണ്ടാവണം.

## XXI. ചലഞ്ചിഡ് പേഴ്സൺ

1. ശാരീരിക മാനസിക ചലഞ്ച് അനുഭവിക്കുന്നവരേയും ലിസ്റ്റ് ചെയ്യുകയും അവരുടെ എല്ലാതരത്തിലുമുള്ള വിവരവും ആശ്രയ മോഡലിൽ ശേഖരിച്ച് സമ്പുർണ്ണ പരിചരണ, ക്ഷേമ, വികസന പദ്ധതിക്ക് പ്രാദേശിക തലത്തിൽ രുപം നൽകുകയും അതിന്റെ നിർവ്വ ഹണം ത്രിതല പഞ്ചായത്തുകൾ .വിവിധ വകുപ്പുകൾ.എജൻസികൾ. ധനകാര്യ സ്ഥാപ നങ്ങൾ സർക്കാർ എന്നിവർ ചേർന്ന് നടപ്പിലാക്കുകയും വേണം.
2. ഇത്തരത്തിലുള്ളവരുടെ കുടുംബത്തിന് കൗൺസിലിങ്ങ് നൽകാൻ സംവിധാനമുണ്ടാ വണം. ഇതിനാവശ്യമായ പിന്തുണ - ആസൂത്രണത്തിൽ, നിർവഹണത്തിൽ ആദ്യം മിഷനിൽ നിന്നും ലഭ്യമാകും.

## XXII. ശിശുക്ഷേമം

1. എല്ലാ അങ്കൺവാടികളും സ്മാർട്ട് അങ്കൺവാടികൾക്ക് രുപംനൽകണം
2. എല്ലാ അങ്കൺവാടികൾക്കും സ്ഥലവും മനോഹരമായ കെട്ടിടവും എന്നത് നടപ്പിലാക്കണം.
3. അങ്കൺവാടി ആയമാർക്കു.വർക്കർമാർക്കും സ്ഥിരമായി പരിശീലനം നൽകാൻ സംവിധാനമുണ്ടാവണം.
4. എല്ലാകുട്ടികൾക്കും ഹെൽത്ത് മോണിറ്ററിങ്ങ് നടത്താൻ സംവിധാനമുണ്ടാവണം.
5. അനീമിക്കായ ഒരു കുട്ടിയും ഉണ്ടാവില്ല എന്ന് ഉറപ്പ് വരുത്താൻ കഴിയണം
6. തുക്കക്കുറവുള്ള ഒരു കുട്ടിയും ജനിക്കില്ല എന്ന് ഉറപ്പ് വരുത്തണം.

### XXII.1 കുട്ടികൾ

1. അയൽസഭ മുതൽ പഞ്ചായത്ത് തലംവരെ കുട്ടികളുടെ ബാലസഭാ കമ്മിറ്റിക്ക് രൂപം നൽകണം.
2. കുട്ടികളുടെ എല്ലാവിധ കഴിവുകളും വർദ്ധിപ്പിക്കാനും, പ്രോജക്റ്റ് വർക്ക് ചെയ്യിക്കാനും സാമുഹിക പ്രതിബന്ധത ഉയർത്താനും ഉതകുന്നതരത്തിൽ ബാലസഭ ഒരു വർഷം പ്രവർത്തിപ്പിക്കാൻ പറ്റുന്നതരത്തിൽ ഒരു സിലബസ്സിന് പഞ്ചായത്ത് തലത്തിൽ രൂപംനൽകണം.
3. കുട്ടികളുടെ പ്രവർത്തനത്തെ ഫെസിലിറ്റേറ്റ് ചെയ്യാനായി 10 പേരിൽ അധികരിക്കാത്ത ഒരു ഫാക്കൽറ്റി ടീം പഞ്ചായത്തിൽ ഉണ്ടാവണം.
4. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിശീലിപ്പിക്കാൻ പഞ്ചായത്തിൽ കലാപരിശീലനകേന്ദ്രങ്ങൾ, ക്ലബ്ബുകളുടെ സഹായത്തോടെ കായിക പരിശീലനം നടത്താനുള്ള സംവിധാനം, സാഹിത്യാഭിരുചി ഉയർത്താൻ ഉതകുന്ന തരത്തിൽ സാഹിത്യവേദികൾ എന്നിവയ്ക്ക് രൂപം നൽകണം.
5. ടീനേജ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആരോഗ്യം, ജന്റർ, വ്യക്തിത്വവികസനം തുടങ്ങിയവയിൽ പരിശീലനം നൽകാൻ സംവിധാനമുണ്ടാവണം.
6. ശൂചിത്വം, പരിസ്ഥിതി പ്രവർത്തനം, നാടിന്റെ ചരിത്രമറിയൽ, മുതിർന്നവരെ ആദരിക്കൽ തുടങ്ങിയവയിൽ പ്രായോഗിക പരിശീലനം കുട്ടികൾക്ക് ഉറപ്പ് വരുത്തണം.
7. അവധിക്കാല ക്യാമ്പുകൾ, സഹവാസക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാൻ അനുവാദമുണ്ടാവണം.

## XXIII. പെൻഷനുകൾ

1. നിലവിൽ പെൻഷൻ വിതരണം വിവിധ തലത്തിലാണ് നൽകുന്നത്. എന്നാൽ എല്ലാ തരം പെൻഷനും അനുവദിക്കലും വിതരണവും ഗ്രാമപഞ്ചായത്തുകളായിരിക്കണം. ആര് വിതരണം നടത്തിയാലും അത് സംബന്ധിച്ച പരാതി കേൾക്കേണ്ടി വരുന്നതും, പരിഹരിക്കാൻ ഇടപെടേണ്ടി വരുന്നതും പഞ്ചായത്തുകൾ ആയിരിക്കും.

## XXIV. വനിത

കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ വനിതാരംഗത്ത് ഒട്ടനവധി നേട്ടം കൈവരിക്കാൻ കഴിഞ്ഞു. വനിതാ ഘടക പദ്ധതി കൊണ്ടുവന്നത് ജനകീയാസൂത്രണത്തിന്റെ ഭാഗമായിട്ടായിരുന്നു. എന്നാൽ നാം വിഭാവനം ചെയ്ത അർത്ഥത്തിൽ പൂർണ്ണമായി എത്തിചേരുന്നതിന് ഇനിയും ധാരാളം ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

1. വനിതാഘടക പദ്ധതി സ്ത്രീകളുടേയും, പെൺകുട്ടികളുടേയും സാമുഹിക,സാമ്പത്തിക,സാംസ്ക്കാരിക ഉന്നമനത്തിനായി വിനിയോഗിക്കുന്നതോടൊപ്പം കേരളത്തിൽ പകുതിയിൽ കൂടുതൽ വരുന്ന വനിതകളുടെ ഉന്നമനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജന്റർ പ്ലാനിങ്ങിനും, ജന്റർ ബജറ്റിങ്ങിനും, ജന്റർ ഓഡിറ്റിങ്ങിനും സംവിധാനമുണ്ടാവണം.

2. വനിതാ ഘടക പദ്ധതിക്ക് കൃത്യമായ ഒരു മാർഗ്ഗ നിർദ്ദേശം ഉണ്ടാവണം. അതിൽ:- സ്ത്രീകളുടേയും പെൺകുട്ടികളുടേയും സാമൂഹിക സാമ്പത്തിക ഉന്നമനത്തിലൂടെ കുടുംബത്തിലും, സമൂഹത്തിലും അവരുടെ പദവി ഉയർത്താൻ, സ്ത്രീകൾ അനുഭവിക്കുന്ന സവിശേഷ പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് ശാശ്വത പരിഹാരം കാണാൻ തുല്യനീതിയിൽ അധിഷ്ഠിതമായ കാഴ്ചപ്പാട് വികസിപ്പിക്കാൻ, വികസനം സാധ്യമാക്കാൻ ലക്ഷ്യംവച്ചായിരിക്കണം വനിതാ ഘടക പദ്ധതിക്ക് രൂപം നൽകേണ്ടത്.

    - നിയമം, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്, കുടുംബ പ്രശ്നങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ എന്നിവയിൽ ബോധന പ്രവർത്തനങ്ങൾ നടത്താൻ കഴിയണം.
    - തൊഴിൽ, തൊഴിൽ മാനേജ്മെന്റ്, വിപണി, കൗൺസലിങ്ങ്, യോഗ, കായികം, കല, സാഹിത്യം, ജാഗ്രതാ സമിതി തുടങ്ങിയവയിൽ പരിശീലനം നടത്താൻ കഴിയണം.
    - ഇത്തരത്തിലുള്ള, ബോധനം, പരിശീലനം എന്നിവക്കായി മുൻപിൽ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റും മോഡ്യൂളും തയ്യാറാക്കി വേണം അംഗീകാരം വാങ്ങാൻ. ഇതിന് അംഗീകാരം നൽകുന്നതിന് ഡി.പി.സിയിൽ പ്രത്യേകം ഒരു ടീമിന് രൂപം നൽകണം.
    - തൊഴിൽ, ഉത്പാദന യൂണിറ്റുകൾ ആരംഭിച്ചാൽ മൂന്ന് വർഷത്തേക്ക്, പരിശീലനം, വർക്കിങ്ങ് ക്യാപിറ്റൽ, സ്ഥിരം മൂലധനം, ആസ്തി, വിപണി എന്നിവയിൽ തുടർച്ചയായി സഹായിക്കാൻ സംവിധാനം ഉണ്ടാവണം.
    - സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരിട്ട് ഗുണം കിട്ടുന്ന തരത്തിലുള്ള പ്രോജക്റ്റുകളേ വനിതാ ഘടക പദ്ധതിയിൽ എടുക്കാൻ പാടുള്ളൂ.
    - സ്ത്രീകൾക്കും, പെൺകുട്ടികൾക്കും സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്താൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

- സ്ത്രീ സുരക്ഷ, പരിരക്ഷ സംവിധാനങ്ങൾ, നിയമം തുടങ്ങിയവയിൽ ബോധവൽക്കരണം നടത്താം.
- പൊതു ഇടങ്ങളിൽ സ്ത്രീകൾക്ക് സ്വതന്ത്രമായി ഏത് സമയത്തും സഞ്ചരിക്കുന്നതിനും, പൊതു ഇടങ്ങൾ സ്ത്രീ സൗഹൃദ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.
- കൗമാര വിദ്യാഭ്യാസത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൃത്യമായ മോഡ്യൂൾ തയ്യാറാക്കി ജില്ലാതലത്തിൽ അംഗീകാരം വാങ്ങി നടപ്പിലാക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനം, ഘടക സ്ഥാപനങ്ങൾ എന്നിവ സ്ത്രീസൗഹൃദമാക്കാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാം. ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നത് ഒഴികെ.
- വിദ്യാലയങ്ങൾ ഗേൾസ് ഫ്രണ്ട്‌ലിയാകുന്നതോടൊപ്പം അവരുടെ സുരക്ഷയ്ക്കും, പരാതി പരിഹാരത്തിനും സംവിധാനമുണ്ടാക്കണം.
- വനിതകൾക്ക് നേരിട്ട് ഗുണം കിട്ടുന്ന തരത്തിൽ മാർക്കറ്റിങ്ങ് സംവിധാനങ്ങൾക്ക് രൂപം നൽകാവുന്നതാണ്.
- സ്ത്രീകളുടേയും പെൺകുട്ടികളുടേയും കല കായിക, സാഹിത്യ, സാംസ്കാരിക അഭിരുചി പരിപോഷിപ്പിക്കാനുള്ള പരിപാടികൾക്ക് രൂപം നൽകാവുന്നതാണ്.
- വനിതകൾ ആരംഭിക്കുന്ന തൊഴിൽ, ഉത്പാദന യൂണിറ്റുകൾക്ക് മാനേജ്മെന്റ്, വിപണനം, വൈദഗ്ദ്ധ്യ പോഷണം, പ്രശ്നപരിഹാരം തുടങ്ങിയവയ്ക്ക് തുടർസഹായം നൽകണം.
- വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള സ്ത്രീകളെ കണ്ടെത്താനും, അവരുടെ വൈദഗ്ദ്ധ്യം ഉയർത്തുന്നതിനും, അത് വഴി വരുമാനം സൃഷ്ടിക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്.
- നൂതന സാങ്കേതിക വിദ്യയിൽ വൈദഗ്ദ്ധ്യം ലഭിക്കാൻ സ്ത്രീകൾക്ക് അവസരമൊരുക്കാവുന്നതാണ്.
- തൊഴിൽ ഇടങ്ങൾ, തൊഴിൽ മേഖലകൾ സ്ത്രീ സൗഹൃദമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.
- വിധവകളുടെ പുനരധിവാസത്തിന് പ്രത്യേക സമഗ്രപദ്ധതിക്ക് രൂപം നൽകാവുന്നതാണ്.
- ലിംഗതുല്യതയും ലിംഗനീതിയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കുടുംബ സമിതികൾക്ക് രൂപം നൽകേണ്ടതാണ്.
- എല്ലാ പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നതിന് മുന്നെ സ്ത്രീ പദവി പഠനം നടത്തണം. ഓരോ അഞ്ച് വർഷത്തിലും ഉണ്ടായമാറ്റം വിലയിരുത്തണം. വനിതാ ഘടക പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 5 വർഷ വിലയിരുത്തൽ നടത്തണം.

- ഡി.പി.സി യുടെ നേതൃത്വത്തിൽ എല്ലാ ജില്ലയിലും ജന്റർ റിസോഴ്സ് ടീമിന് രൂപം നൽകണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ബോധ വൽക്കരണ, പരിശീലന പ്രോജക്റ്റുകൾ മോഡ്യൂളുകൾ ഇവർ പരിശോധിച്ച് അംഗീകാരം നൽകണം. കൂടാതെ ഇതുവഴി സ്ഥിരമായി ജന്റർ റിസോഴ്സ് സ്പോർട്ട് നൽകാൻ സംവിധാനമുണ്ടാവണം.

3. എല്ലാ പഞ്ചായത്തിലും വാർഡിലും ജാഗ്രതാ സമിതികൾ തുടങ്ങണം. ജാഗ്രതാ സമ തികൾക്ക്, കൗൺസലിങ്ങ് നിയമം, ജാഗ്രതാ സമിതി നടത്തിപ്പ്, ജന്റർ, പ്രശ്നവിശക ലനം എന്നിവയിൽ പരിശീലനം നൽകാൻ ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും സംവിധാനമുണ്ടാവണം.
4. എല്ലാ പഞ്ചവത്സര പദ്ധതി തുടങ്ങുമ്പോഴും സ്ത്രീപദവി പഠനം നടക്കണം, ഓരോ പഞ്ചവത്സര പദ്ധതിയിലെയും നേട്ടകോട്ട വിശ്ലേഷണം നടക്കണം. അതിന്റെ അടിസ്ഥാ നത്തിൽ വേണം അടുത്ത പദ്ധതികൾ രൂപീകരിക്കേണ്ടത്. പദ്ധതി ആസൂത്രണത്തിന് ഈ പഠന റിപ്പോർട്ട് അവലംബിക്കണം.
5. ഉപേക്ഷിക്കപ്പെട്ട വനിതകൾ, അതിക്രമത്തിന് വിധേയരായവർ, വിധവകൾ എന്നിവരുടെ വിവരം ശേഖരിച്ച് അവരുടെ പുനരധിവാസത്തിന് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി, ത്രിതല പഞ്ചായത്തുകൾ, സർക്കാർ, ധനകാര്യ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നി വർ ചേർന്ന് നിർവ്വഹിക്കാൻ സംവിധാനമുണ്ടാവണം.
6. കോളേജുകളിലെ വിമൺ സ്റ്റഡീസ് സെന്റർ, വനിതാ മേഖലയിൽ പ്രവർത്തിക്കുന്ന അക്കാഡമിക് സ്ഥാപനങ്ങൾ തുടങ്ങി അക്കാഡമിക് സാങ്കേതിക സ്ഥാപനങ്ങളിലെ വിദ ഗ്ദ്ധരെ ചേർത്ത് ഡി.പി.സി ലിസ്റ്റ് തയ്യാറാക്കണം. സംസ്ഥാന ജന്റർ ബോർഡിന്റെ നേതൃ ത്വത്തിൽ ജില്ലാതല ജന്റർ റിസോഴ്സ് സെന്റർ ആരംഭിക്കണം. അവയുടെ സേവനം പഞ്ചായത്തുകൾക്ക് ഉറപ്പ് വരുത്തുകയും വേണം.
7. സ്ത്രീകളുടെ പൊതുക്ഷേമം, ഗർഭിണികൾ, അവിവാഹിത അമ്മമാർ തുടങ്ങി വനിത കൾക്കായി നടത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തുമായി ചേർന്ന് നടത്താൻ സംവി ധാനമുണ്ടാവണം.
8. എല്ലാ പഞ്ചായത്തുകളിലും വനിത റിസോഴ്സ് ആന്റ് ഇൻഫർമേഷൻ സെന്റർ ആരംഭി ക്കണം. ഇവയുടെ ഉപസ്ഥാപനങ്ങൾ എല്ലാവർഡിലും ആരംഭിക്കണം.
9. വനിതകൾക്ക് കുടിൽ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുന്ന തരത്തിൽ ഉത്പാദന കേന്ദ്രങ്ങൾ ആരംഭിക്കാൻ സംയോജിത പരിപാടികൾ ആരംഭിക്കണം.
10. എല്ലാ ബ്ലോക്കിലും വനിത ഷോർട്ട് സ്റ്റേ ഹോമുകൾ. പ്രശ്നങ്ങൾ അനുഭവിച്ച പെൺകു ട്ടികൾ, നിരാലംബരായ പെൺകുട്ടികൾ എന്നിവരെ താമസിപ്പിച്ച് പഠിപ്പിക്കാൻ എല്ലാ ബ്ലോക്കിലും സംവിധാനമുണ്ടാവണം.
11. എല്ലാ സ്കൂളുകളിലും ജെന്റർ ഡെസ്ക്ക് ആരംഭിക്കുകയും അതിനെ ജാഗ്രതാ സമിതി യുമായി ബന്ധിപ്പിക്കുകയും വേണം.

12. വനിതകളെ, പെൺകുട്ടികളെ സൈക്കിൾ, ടൂവീലർ, ഫോർവീലർ എന്നിവ പരിശീലിപ്പിക്കണം. സബ്സിഡി നിരക്കിൽ അവ ലഭ്യമാക്കണം.
13. അങ്കൺവാടികളെ വനിതാകേന്ദ്രങ്ങളാക്കി മാറ്റണം.
14. ഗർഭിണികളെ പരിചരിക്കാൻ പ്രത്യേക പാക്കേജ് ഉണ്ടാവണം.
15. വനിതകൾക്ക് സ്കിൽ അപ്പ്ഗ്രഡേഷൻ,തൊഴിൽ പരിശീലനങ്ങൾ, കരിയർ ഗൈഡൻസ്, PSCകോച്ചിങ്ങ് എന്നിവക്ക് സംവിധാനമുണ്ടാവണം.
16. പെൺകുട്ടികൾക്ക്, കല, കായിക, സാഹിത്യ പരിശീലനങ്ങൾ, കലാട്രൂപ്പുകൾക്ക് രുപം നൽകൽ എന്നിവക്ക് സംവിധാനമുണ്ടാവണം.

## XXV. കുടുംബശ്രീ

1) സ്ത്രീശാക്തീകരണം സാധ്യമാക്കുന്നതിന് സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവും ആരോഗ്യപരവുമായ സുരക്ഷിതത്വവും മുന്നേറ്റവും ഉറപ്പാക്കാൻ ഉതകുന്നതാവണം കുടുംബശ്രീ പ്രവർത്തനം. കുടുംബസ്ശ്രീ മിഷൻ അവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്ത് ഭരണസമിതികളും CDSഉം സംയുക്തമായി ചർച്ചചെയ്ത് പരസ്പര സഹായത്തോടെയും സഹകരണത്തോടെയും നടപ്പിലാക്കാൻ കഴിയണം.
2) കുടുംബശ്രീ ഒരോ പാരലൽ സംവിധാനം എന്നതിൽ നിന്നും വ്യത്യസ്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പോകുന്ന ഒരു സ്വതന്ത്ര സ്ഥാപനമായി ചിട്ടപ്പെടുത്താൻ കഴിയണം.
3) കുടുംബശ്രീയുടെ അടിസ്ഥാന ഘടകമായ യൂണിറ്റുകൾ ശക്തിപ്പെടുത്താൻ പഞ്ചായത്തു തലത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീയുമായി ചേർന്ന് സംവിധാനമുണ്ടാക്കണം.
4) സ്വകാര്യ സ്ഥാപനങ്ങളുടെ കടന്ന് കയറ്റം, ചൂഷണം ഒഴിവാക്കാൻ സംവിധാനമുണ്ടാക്കണം.
5) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി ഉറപ്പാക്കൽ, വിപണി കണ്ടെത്തൽ തുടുങ്ങിയവയ്ക്ക് സംയുക്ത സമഗ്ര പരിപാടി ഉണ്ടാവണം.
6) തൊഴിൽ, ഉത്പാദന യൂണിറ്റുകളുടെ മാനേജ്മെന്റിന് പഞ്ചായത്ത് തലത്തിലും, ജില്ലാ തലത്തിലും സംവിധാനങ്ങൾ ഉണ്ടാവണം.
7) കുടുംബശ്രീ ബാങ്ക് ആരംഭിക്കണം.
8) കുടുംബശ്രീ വിപണന നെറ്റ്വർക്ക് ആരംഭിക്കണം.
9) എല്ലാ ജില്ലയിലും കുടുംബശ്രീക്ക് പ്രൊഫഷണൽ വൈദഗ്ദ്ധ്യം ഉറപ്പ് വരുത്താനായി വിവിധ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരെ ലിസ്റ്റ് ചെയ്ത് സംവിധാനമുണ്ടാവണം.
10) കുടുംബശ്രീ യൂണിറ്റ് പ്രവർത്തനം കാര്യക്ഷമമാക്കാൻ, സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരസ്പരം സഹായിക്കാൻ ഉതകുന്ന തരത്തിൽ പ്രത്യേക പരിപാടി ഉണ്ടാവണം.

## XXVI. ടൂറിസം

പഞ്ചായത്തുകളിലെ ടൂറിസ്സം സാധ്യതയുള്ള സ്ഥലങ്ങൾ മാപ്പ് ചെയ്ത് ത്രിതല പഞ്ചായത്തുകൾ, ടൂറിസ്സം വകുപ്പ്, സ്വകാര്യ പിൻതുണ എന്നിവയോടെ നടപ്പിലാക്കാൻ കഴിയണം ആരൊക്കെ ചേർന്ന് നടപ്പിലാക്കണം, നിർവ്വഹണത്തിലേയും നടത്തിപ്പിലേയും വ്യവസ്ഥകൾ തീരുമാനിക്കൽ എന്നിവ പഞ്ചായത്തിനായിരിക്കണം ഉത്തരവാദിത്വം. ആരൊക്കെ ചേർന്നു നടത്തുന്നുവോ വരുമാനവും അതനുസരിച്ച് വിഭജിക്കുവാൻ സംവിധാനമുണ്ടാവണം. ഇതിന്റെ മാപ്പിങ്ങ്, ആസൂത്രണം നിർവ്വഹണം എന്നിവക്കായി തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് സംസ്ഥാന തലത്തിൽ ഒരു സ്ഥിരം സംവിധാനത്തിന് രൂപം നൽകണം.

## XXVII. യുവജനക്ഷേമം

1) എല്ലാ പഞ്ചായത്തുകളിലും യുവജനക്ഷേമ കമ്മിറ്റിക്ക് രൂപം നൽകണം. ഇത് യുവജനക്ഷേമ ബോസിന്റെ താഴത്തെ യൂണിറ്റായി പ്രവർത്തിക്കണം.
2) എല്ലാ പഞ്ചായത്തിലും യുവജന മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഇതിൽ സ്ഥിരവരുമാനമുള്ള തൊഴിൽ, സ്വയം തൊഴിൽ, കരിയർ ഗൈഡൻസ്, കല, കായികം, സാഹിത്യം, കൗൺസലിങ്ങ്, സംരംഭകത്വ പരിശീലനം തുടങ്ങിയവർക്ക് മുൻതൂക്കം നൽകണം.
3) യുവജനക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര യുവജന കമ്മീഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത് മാസ്റ്റർ പ്ലാനുമായി ചേർന്ന് നടപ്പിലാക്കാൻ സംവിധാനമുണ്ടാവണം.
4) ആസൂത്രണം, നിർവ്വണം, മോണിറ്ററിങ്ങ്, എന്നിയിൽ യുവജന പങ്കാളിത്തം ഉറപ്പ് വരുത്തണം.
5) മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥ ഉപയോഗം എന്നിവക്കെതിരെ ശക്തമായ പ്രചരണം, ബോധന പ്രവർത്തനങ്ങൾ എന്നിവ യുവജനങ്ങൾക്കിടയിൽ നടത്താൻ പ്രത്യേക സംവിധാനങ്ങൾ ഉണ്ടാവണം.
6) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും യുവജനങ്ങളുടെ ഡേറ്റാ ബാങ്ക് ഉണ്ടാവണം.

## XXVIII. പട്ടികജാതി പട്ടികവർഗ്ഗം

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പട്ടിക ജാതി, പട്ടിക വർഗ്ഗ വകുപ്പ് വഴിയും മറ്റ് വകുപ്പുകൾ വഴിയും , വിവിധ ഏജൻസികൾ വഴിയും ധാരാളം തുക വിനിയോഗിക്കുന്നുണ്ട്. എന്നാൽ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ പ്രശ്നങ്ങൾക്ക് വേണ്ട പരിഹാരം കാണുന്നതിൽ ഒരു ചെറിയ അളവ് വരെ മുന്നേറാൻ കഴിഞ്ഞു എന്നതിനപ്പുറം പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ഇതിന് പല കാരണങ്ങളുണ്ട്:- സമഗ്രതയുടെ അഭാവം, അവരുടെ പ്രശ്നങ്ങളുടെ

യഥാർത്ഥ കാരണങ്ങളുടെ ധാരണക്കുറവ്, പ്രോജക്റ്റ് ആശയങ്ങളുടെ ദാരിദ്ര്യം, അവരോടും അവരുടെ പ്രശ്നങ്ങളോടുമുള്ള മനോഭാവം, അവരുടെ പക്ഷത്ത് നിന്നും ചിന്തിക്കാൻ കഴിയാത്തത്, നിയമത്തിലെ പരിമിതികൾ എന്നിവ പരിഹരിക്കന്നതിനു കഴിയാത്തതിനാൽ - തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാവണം 13-ാം പദ്ധതിയിലെ സമീപനം. ഇതു കൂടാതെ പാവപ്പെട്ടവരായ പട്ടികജാതി, പട്ടികവർഗത്തിൽപ്പെട്ടവർക്ക് ഒരു വീട് എന്നതിലുപരി ഓരോ വീട്ടിലും ഒരാൾക്കെങ്കിലും മെച്ചപ്പെട്ട തൊഴിൽ പരിശീലനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, മികച്ച സാമൂഹ്യസേവനങ്ങൾ, ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവ ഉറപ്പുവരുത്തുന്ന ലൈഫ്മിഷന്റെ പ്രധാന ലക്ഷ്യം ഈ മേഖലയായിത്തീരും എന്നത് 13-ാം പദ്ധതിയുടെ പ്രത്യേകതയാണ്. സമ്പൂർണ ആരോഗ്യം ലക്ഷ്യംവച്ചുള്ള ആർദ്ര്യു മിഷന്റെ പ്രവർത്തനവും ഈ മേഖലയിൽ വലിയ ഉന്നമനം ഉണ്ടാക്കാൻ കഴിയും.

1. വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഏത് തലത്തിലേക്കാണെങ്കിലും ഗ്രാമസഭകൾ വഴിയേ ആകാൻ പാടുള്ളൂ.
2. പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെ പ്രശ്നങ്ങൾ മനസ്സിലാക്കി അവരുടെ ആഗ്രഹത്തിനനുസരിച്ച് കോളനി വികസനവും, കുടുംബ വികസനവും, വ്യക്തിപ്രശ്ന പരിഹാരവും ഉണ്ടാവണം.
3. വിവിധ വ്യക്തിഗത പ്രശ്നങ്ങൾ, കുടുംബ പ്രശ്നങ്ങൾ കോളനി പ്രശ്നങ്ങൾ എന്നിവ കണ്ടെത്തി സമഗ്ര പദ്ധതികൾക്ക് രൂപം നൽകണം. വിവിധ മിഷനുകൾ, വകുപ്പുകൾ, ഏജൻസികൾ, ത്രിതല പഞ്ചായത്തുകൾ എന്നിവർ ചേർന്ന് അത് സംയോജിതമായി നിർവ്വഹിക്കാൻ സംവിധാനമുണ്ടാക്കണം.
4. പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെ കുട്ടികളെ ലിസ്റ്റ് ചെയ്ത് അവരെ പഠിപ്പിക്കാൻ പ്രത്യേക പരിപാടി തയ്യാറാക്കണം. അതോടൊപ്പം അവരുടേതായ കലയും, സംസ്കാരവും പഠിപ്പിക്കാനും സംവിധാനമുണ്ടാവണം.
5. പട്ടികജാതി, പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ നിയന്ത്രണവും, സേവനവും പൂർണ്ണമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആയിരിക്കണം.
6. പ്രമോട്ടർമാരുടെ എണ്ണം കുടുംബത്തിന്റേയും കോളനികളുടേയും എണ്ണത്തിന് ആനുപാതികമാക്കി വർദ്ധിപ്പിക്കണം. ഒരു പ്രൊമോട്ടർക്ക് 100 കുടുംബത്തിൽ കൂടുതൽ ഉണ്ടാവരുത്. ഇവർക്ക് നിരന്തരം വിദഗ്ദ്ധ പരിശീലനങ്ങൾ നൽകാൻ സംവിധാനമുണ്ടാവണം.
7. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ, വികസന പ്രവർത്തനങ്ങൾക്കായി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളുടേയും മോണിറ്ററിങ്ങിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരു സ്ഥിരം സംവിധാനമുണ്ടാവണം.
8. ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനും, ജൈവഹരിത ട്രൈബൽ ഗ്രാമമായി ആസൂത്രണം ചെയ്യുന്നതിനും പ്രത്യേക പരിപാടികൾ ഉണ്ടാവണം.
9. പ്രശ്ന ബാധിതരായ പട്ടികജാതി, പട്ടിക വർഗ്ഗ സ്ത്രീകൾക്കുള്ള ഷോർട്ട്സ്റ്റേ ഹോമു

കൾ, സ്റ്റേ ഹോമുകൾ എന്നിവ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയുക്തമായി തുടങ്ങാൻ സംവിധാനമുണ്ടാവണം.

10. പ്രശ്നത്തിൽപ്പെട്ട, നിരാലംബരായ കുട്ടികളെ താമസ്സിപ്പിച്ച് പഠിപ്പിക്കുന്നതിന് സ്റ്റേ ഹോമുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാൻ സംവിധാനമുണ്ടാവണം.
11. പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് നിലവിലെ നിയമങ്ങൾ, പരിരക്ഷാ സംവിധാനങ്ങൾ ആനുകൂല്യങ്ങൾ, പിൻതുണാ സംവിധാനങ്ങൾ എന്നിവ ഇവർക്ക് കൃത്യമായി ലഭിക്കുന്നു. അവർ അത് ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ ഉതകുന്ന തരത്തിൽ കോളനി മുതൽ പഞ്ചായത്ത് തലം വരെ പരിരക്ഷാ സമിതികൾക്ക് രൂപം നൽകണം. കൂടാതെ ഈ സമിതികൾ അവരുടെ പരാതികൾ, പ്രശ്നങ്ങൾ കേൾക്കാനും പരിഹരിക്കാനും ഉതകുന്ന തരത്തിലുള്ള സംവിധാനമായിരിക്കണം.
12. ഈ വിഭാഗങ്ങളിൽ ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്നവരെ കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സാന്ത്വന പരിചരണ പാക്കേജുകൾക്ക് രൂപം നൽകണം.
13. അഭ്യസ്തവിദ്യരായവരെ കണ്ടെത്തി തൊഴിൽ ലഭിക്കാൻ ഉതകുന്ന തരത്തിൽ പ്രത്യേക പരിശീലന പരിപാടികൾ നൽകാൻ കഴിയണം.
14. വംശനാശ ഭീഷണി അടക്കം നേരിടുന്ന കാസർകോട് ജില്ലയിലെ കൊറഗ്, മലപ്പുറം ജില്ലയിലെ നായാടി, ചോലനായിക് വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠനം നടത്തി പ്രത്യേക സമഗ്ര പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃ-ത്വത്തിൽ സംയുക്തമായി തയ്യാറാക്കി നടപ്പിലാക്കാൻ സംവിധാനമുണ്ടാവണം.
15. പ്രകൃതിദുരന്തങ്ങളും, അത്യാഹിതങ്ങളും സംഭവിക്കുന്നവരുടെ സംരക്ഷണത്തിനായി പ്രത്യേക കോർപ്പസ് ഫണ്ടിന് രൂപം നൽകണം. ഇതിന്റെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കണം.
16. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ കുടുംബശ്രീ പ്രവർത്തനം പൂർണ്ണമായും എത്തിക്കാനും എല്ലാവരേയും അതിൽ അംഗങ്ങളാക്കാനും സംവിധാനമുണ്ടാവണം. കൂടാതെ പുരുഷ സ്വാശ്രയ സംഘങ്ങൾക്കും രൂപം നൽകണം.
17. പഞ്ചായത്ത് വാർഡ് ജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ എല്ലാ കോളനികളിലും അവിടുത്തെ സ്ത്രീകളുടേയും പെൺകുട്ടികളുടേയും പ്രശ്നങ്ങളിൽ ഇടപെടാൻ പ്രത്യേക സമിതികൾക്ക് രൂപം നൽകണം.
18. പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ പാരമ്പര്യ കലാരൂപങ്ങൾ, ആയോധനാരീതികൾ, സംസ്കാരം, ഒറ്റമൂലികൾ, വൈദ്യം എന്നിവ വരുംതലമുറയെ പഠിപ്പിക്കാനും ചിലത് തൊഴിലായി ആരംഭിക്കാൻ വേണ്ട സഹായം നൽകാനും സംവിധാനമുണ്ടാവണം.

## XXIX. മത്സ്യമേഖല

തീരദേശ മേഖല അതിരൂക്ഷമായ കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായുള്ള കഷ്ടപ്പാടുകൾ അഭിമുഖീകരിക്കുകയാണ്. കേവല ആനുകൂല്യങ്ങൾ മാത്രം നൽകി സംരക്ഷിക്കപ്പെടാൻ കഴിയാത്ത അത്രയും സങ്കീർണ്ണമാണ് തീരദേശത്തെ പ്രശ്നങ്ങൾ . ഈ പ്രശ്നം പരിഹരിക്കുന്നതിൽ ലൈഫ്, ആർദ്രം, ശുചിത്വം എന്നീ മിഷനുകളുടെ പ്രവർത്തനം അനിവാര്യമാവണം..

1. തീരദേശ സംരക്ഷണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കാലാവസ്ഥാ വ്യതിയാന തീരദേശ പരിപാലന പദ്ധതിക്ക് രൂപം നൽകാൻ കഴിയണം.
2. ഇതിനായി തീരദേശ പരിപാലനം, കുടാതെ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകൾ, സർക്കാർ സർക്കാരേതര ഏജൻസികൾ എന്നിവർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒന്നാമതായി സൂചിപ്പിച്ച പദ്ധതി തയ്യാറാക്കാനും, MP. MLA ഫണ്ട് അടക്കം ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതിയിൽ വിനിയോഗിക്കാൻ കഴിയണം. ഇതിന് സഹായമായ ഒരു മാർഗ്ഗരേഖ ഉണ്ടാവണം.
3. ഓരോ മത്സ്യഗ്രാമത്തിന്റേയും പ്രത്യേകതകൾക്ക് അനുസരിച്ച് അവിടുത്തെ കാലാവസ്ഥാ വ്യതിയാനം പ്രശ്നങ്ങൾ, കടലാക്രമണം, വീടുകളുടെ അവസ്ഥകൾ ആരോഗ്യം, തൊഴിൽ, വിദ്യാഭ്യാസ പ്രശ്നങ്ങൾ, ശാരീരിക മാനസ്സിക വൈകല്യങ്ങൾ, കിടപ്പുരോഗികൾ, വയോജനങ്ങൾ, വിദ്യാഭ്യാസമുള്ളവർ, തൊഴിലിന് വേണ്ടസഹായം, പ്രശ്നങ്ങൾ, ഭൗതിക സൗകര്യത്തിലെ പ്രശ്നങ്ങൾ തുടങ്ങിയവ പഠന വിധേയമാക്കിവേണം സമഗ്ര പദ്ധതി തയ്യാറാക്കാൻ.
4. തീരദേശ പഞ്ചായത്തുകൾ വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഇതിനായി പ്രത്യേകം വർക്കിങ്ങ് ഗ്രൂപ്പ് ഉണ്ടാവണം.
5. SC, ST പ്രമോട്ടർമാരുള്ളത് പോലെ മത്സ്യമേഖലക്കും പ്രത്യേക പ്രമോട്ടർമാരെ നൽകണം.
6. മത്സ്യവകുപ്പിലെ ഫീൽഡ് ജീവനക്കാരെയെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം.
7. ഗ്രാമസഭയ്ക്ക് മുന്നെ മത്സ്യസഭ കൂടുക എന്നത് നിർബന്ധമാവണം.
8. വനിതകൾ, വയോജനങ്ങൾ, ചെറുപ്പക്കാർ എന്നിവർക്ക് മത്സ്യമേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ ഉത്പാദന സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകണം.
9. മത്സ്യമേഖലയിലെ സ്ത്രികളും പെൺകുട്ടികളും അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജാഗ്രതാ സമിതികൾക്ക് രൂപം നൽകണം.
10. തീരദേശങ്ങളിലെ ഓപ്പൺ ഡെഫിക്കേഷൻ ഒഴിവാക്കാനായി പ്രത്യേകതരത്തിൽ കക്കൂസ്സുകൾ പണിയാൻ സംവിധാനമുണ്ടാക്കണം.
11. തീരദേശത്തെ മാലിന്യ സംസ്ക്കരണത്തിന് പ്രത്യേകം സംവിധാനം ഉണ്ടാവണം
12. കുടുംബശ്രീപോലെ മത്സ്യമേഖലയിലെ പുരുഷന്മാർക്കും/സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കണം.

13. തൊഴിൽ ഉപകരണങ്ങൾ സൂക്ഷിക്കാനും അറ്റകുറ്റപ്പണികൾക്കായും കേന്ദ്രങ്ങൾ ഉണ്ടാവണം.

## XXX. വിദ്യാഭ്യാസം, കല, സംസ്ക്കാരം

'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന മിഷന്റെ പ്രവർത്തന വിദ്യാഭാസരംഗത്ത് വലിയൊരു മാറ്റം ഉണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഈ മിഷന്റെ പ്രവർത്തനത്തിന് കരുത്തുപകരുക വഴി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് വലിയൊരു ദിശാബോധവും കരുത്തുമായിരിക്കും ഇതുവഴി സാധ്യമാകുക. അതിന് സഹായകമായ ചില നിർദ്ദേശങ്ങൾ ഇവിടെ ചേർക്കുന്നു:

1. പഞ്ചായത്തുകൾക്ക് കല, കായിക പരിശീലനം നൽകാൻ അനുമതി ഉണ്ടാവണം, കല, കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയണം.
2. സാഹിത്യ രംഗത്ത് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കാൻ അനുമതി ഉണ്ടാവണം.
3. എസ്.എസ്.എ തയ്യാറാക്കുന്ന പ്ലാൻ പഞ്ചായത്ത് ഭരണ സമിതിയിൽ വച്ച് അംഗീകാരം വാങ്ങണം. നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ പഞ്ചായത്തിനെ കൂടി ബോധ്യപ്പെടുത്താൻ സംവിധാനമുണ്ടാവണം.
4. പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ, പഠന നിലവാരം മെച്ചപ്പെടുത്തൽ, രക്ഷിതാക്കളുടെ പരിശീലനം എന്നിവയ്ക്ക് വിദ്യാഭ്യാസത്തിൽ പ്രോജക്റ്റ് വയ്ക്കാൻ അനുമതി ഉണ്ടാവണം.
5. എല്ലാ സ്കൂളുകളിലും പെൺകുട്ടികൾക്ക് കളരി, കരാട്ടെ, തായ്ക്കൊണ്ട തുടങ്ങിയവ പരിശീലിപ്പിക്കാൻ സംവിധാനമുണ്ടാവണം.
6. നാടകം, കല ട്രൂപ്പുകൾ എന്നിവ തുടങ്ങാൻ വേണ്ട പ്രോത്സാഹനം നൽകണം.
7. ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ എന്നിവയെ കല, സാംസ്കാരിക രംഗത്തെ നിർവ്വഹണ സംവിധാനങ്ങളാക്കി മാറ്റണം.
8. പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ പ്രത്യേക സിലബസ്സിന് രൂപംനൽകണം.
9. പഠന സഹായ ഉപകരണങ്ങൾ കുടുംബശ്രീസഹായത്തോടെ തയ്യാറാക്കണം.
10. സ്ക്കുളുകളിൽ കുട്ടികൾക്ക് അനുപാതികമായി ടോയിലറ്റ് സംവിധാനം ഉണ്ടാവണം. അത് വൃത്തിയായികിടക്കുന്നു എന്ന് ഉറപ്പ് വരുത്തണം.
11. അവധി ദിവസങ്ങൾ സ്ക്കുളുകൾ കുട്ടികളുടെ കല,കായിക പരിശീലനകേന്ദ്രങ്ങൾ ആയി മാറണം.
12. ഭാഷ, കണക്ക് എന്നിവ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ SSAയുമായിചേർന്ന് സംവിധാനമുണ്ടാവണം. കുട്ടികളുടെ കമ്മ്യൂണിക്കേഷൻ വൈദഗ്ദ്ധ്യം ഉയർത്താൻ സംവിധാനമുണ്ടാവണം.
13. എല്ലാ വാർഡിലും അയൽസഭകൾ കേന്ദ്രീകരിച്ച് ബാലസഭകൾ ഉണ്ടാക്കുകയും അവർക്ക്

ഒരു വർഷം പ്രവർത്തിക്കാൻ ആവശ്യമായ സിലബസ് തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഉണ്ടാകുകയും വേണം.

## XXXI. ആരോഗ്യം, ശുചിത്വം, കുടിവെള്ളം

ആർദ്രു മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേത്രൂത്വത്തിൽ PHCയുടെ പ്രവർത്തനം, ഭൗതിക സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതോടൊപ്പം രോഗം വരാത്ത അന്തരീക്ഷം സൃഷ്ടിക്കലായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകേണ്ടത്. ആയതിനാൽ ഹരിതകേരളം മിഷന്റെ ഭാഗമായി ശുദ്ധ മായ വായു, ശുദ്ധമായ ജലം, ശുദ്ധമായ ആഹാരം, മാലിന്യവിമുക്ത ഭക്ഷണം എന്നതി നായിരിക്കണം മുൻതൂക്കമുണ്ടാകേണ്ടത്. ഇതിന് പറ്റിയ തരത്തിൽ പ്രോജക്റ്റുകൾ, പ ദ്ധതികൾ എന്നിവ തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യവും സാങ്കേതിക പിന്തുണയും ഉണ്ടാവണം.

1. റോഡിന്റെ ഇരുവശങ്ങളിലും ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക.
2. എല്ലാ ജലാശയങ്ങളും, ജല ഉറവിടങ്ങളും സംരക്ഷിക്കാനും, വാട്ടർ റീചാർജിങ്ങിനും സമഗ്രപദ്ധതികൾ തയ്യാറാക്കി ഗ്രാമ, ബ്ലോക്ക്, ജില്ലാ, MGNREGS, MLA, MP എന്നിവ രുടെ സംയുക്ത സംരംഭമാക്കി നടപ്പിലാക്കാൻ സംവിധാനമുണ്ടാകണം.
3. തൂക്കക്കുറവുള്ള അനീമിക്കായ ഒരു കുട്ടിപോലും ജനിക്കില്ല എന്ന് ഉറപ്പുവരുത്താനുള്ള പദ്ധതികൾ ഉണ്ടാവണം. വകുപ്പുതല പദ്ധതികൾ ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുമായി സംയേജിപ്പിച്ച് ചെയ്യണം.
4. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളമെത്തിക്കാനുള്ള സംയുക്ത സംരംഭങ്ങൾ ആരം ഭിക്കാൻ കഴിയണം.
5. രോഗനിർണ്ണയം നടത്താനും കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ത്രിതല പഞ്ചാ യത്തുകൾ, വകുപ്പുകൾ എന്നിവ ചേർന്ന് പദ്ധതിക്ക് രുപം നൽകാൻ കഴിയണം.
6. തദ്ദേശ സയംഭരണ സ്ഥാപനങ്ങൾക്ക് വ്യായാമ കേന്ദ്രങ്ങൾ കായിക പരിശീലന കേന്ദ്ര ങ്ങൾ എന്നിവ സംയുക്തമായി ആരംഭിക്കാനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇവയുടെ നടത്തിപ്പിനുള്ള ചുമതലയും ഉണ്ടാവണം. ഇതിൽ സ്ത്രീകൾക്ക് പ്രത്യേക സൗകര്യങ്ങൾ ഉണ്ടാവണം.
7. ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും മാനസ്സിക ആരോഗ്യം പരിശോധിപ്പിക്കാൻ വേണ്ട പരിപാടികൾ ഉണ്ടാവണം.
8. തൊഴിൽ ജന്യരോഗങ്ങൾ പ്രാദേശികമായി പഠിക്കാനും, പരിഹരിക്കാനായി സംയുക്ത പ്രോജക്റ്റ് വയ്ക്കാനും സംവിധാനമുണ്ടാവണം.
9. ലഹരിയിൽ നിന്നും പൊതുജനത്തെ രക്ഷിക്കാനുള്ള ക്യാമ്പയിൽ സർക്കാരുമായി ചേർന്ന് പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ നടക്കണം.

10. ആരോഗ്യ ജീവനക്കാരുടെ നേതൃത്വത്തിൽ ആശാവർക്കർമാർ, കുടുംബശ്രീ ആരോഗ്യ വോളന്റിയർ തുടങ്ങിയവരുടെ സഹായത്തോടെ എല്ലാ വീട്ടിലും മാസത്തിൽ രണ്ട് ദിവസമെങ്കിലും ആരോഗ്യ മോണിറ്ററിങ്ങ് നടത്തണം.
11. ജീവിതശൈലി രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, തുടങ്ങിയവ സംബന്ധിച്ച് അവബോധം നടത്താൻ ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രത്യേക പരിപാടിക്ക് രൂപം നൽകാൻ കഴിയണം.
12. കുടിവെള്ള സ്രോതസ്സുകളിലെ ജലം പരിശോധിച്ച് മാപ്പ് ചെയ്യാനും, പ്രശ്നപരിഹാരത്തിന് സംയുക്ത പരിപാടികൾ തയ്യാറാക്കുന്നതിനും കഴിയണം.
13. ഭക്ഷണശാലകൾ ഭക്ഷ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നിടം തുടങ്ങിയവ നിരന്തരം പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്താൻ എച്ച്.ഐ യുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ പ്രത്യേക സ്ക്വാഡിന് രൂപം നൽകാൻ കഴിയണം.
14. ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ കഴിയുന്ന ലാബുകൾ എല്ലാ സി.എച്ച്.സിയിലും ഉറപ്പ് വരുത്തണം.

**ശുചിത്വം**

അതിവേഗം നഗരവത്കരണം നടക്കുന്ന കേരളം ഇന്ന് അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നമായി മാലിന്യപരിപാലനം മാറിയിട്ടുണ്ട്. 'ഹരിതകേരളം'മിഷന്റെ ഭാഗമായി ശുചിത്വമിഷന്റെ സഹായത്തോടെ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടക്കുന്ന ശുചിത്വപ്രവർത്തനം ഫലവത്താക്കാൻ, സ്ഥായിയാക്കാൻ 13-ാം പദ്ധതിയിൽ കഴിയണം.

1. ജൈവവേസ്റ്റ് പരമാവധി അതത് വീടുകളിൽ തന്നെ സംസ്കരിക്കണം.
2. പൊതുകവലകളിൽ പൊതു വേസ്റ്റ് പരിപാലന രീതി തുമ്പൂർമുഴിപോലെ അവിടെ വേസ്റ്റ് കൊണ്ടുവരുന്നവർ ഒരു ചെറിയ തുക തരണം. ഇതിന് ഒരു മാനേജ്മെന്റ് കമ്മിറ്റിയും, ചുമതലക്കാരും ഉണ്ടാവും
3. വീട്ടിൽനിന്നും ശേഖരിക്കുന്ന വേസ്റ്റ് തരം തിരിച്ച് നൽകാനും ഇത് സംസ്ക്കരിക്കാനും കഴിയുന്ന ചെറു യൂണിറ്റുകൾ.
4. ജൈവവളം ഉത്പാദിപ്പിക്കലും സബ്സിഡൈസ് നിരക്കിൽ നൽകലും ഇതിന്റെ ഭാഗമാക്കണം.
5. വീടുകളിലെ എല്ലാവിധ പ്ലാസ്റ്റിക് വേസ്റ്റും, ഇ-വേസ്റ്റും, അയൽസഭയിൽ ഒരു കേന്ദ്രത്തിൽ വൃത്തിയാക്കി എത്തിച്ച് സംസ്കരിച്ച് ഉപോത്പന്നമാക്കും. ടാറിൽ ചേർക്കാൻ ഉപയോഗിക്കും. എല്ലാ കടകളിലും ചീയുന്ന വേസ്റ്റും അല്ലാത്തവയും വെവ്വേറെ ഇടാനും ഇവയെ ശേഖരിക്കാൻ വരുന്നവരുടെ പക്കൽ ഏൽപ്പിക്കാനോ സെന്ററിൽ എത്തിക്കാനോ സംവിധാനമുണ്ടാക്കണം.
6. പഞ്ചായത്ത് മുതൽ അയൽസഭവരെ ഇതിന്റെ സംഘാടനത്തിന് ഒരു സംവിധാനമുണ്ടാക്കണം

7. ഒരു സ്ഥിരം മോണിറ്ററിങ്ങിന് സംവിധാനമുണ്ടാക്കണം
8. ഗ്രാമസഭകളിൽ ചർച്ചചെയ്ത് പൊതു നിയമാവലി ഉണ്ടാക്കണം.
9. വിരുദ്ധമായി പ്രവർത്തിക്കുന്നവരെ സാമൂഹ്യ വിചാരണയ്ക്ക് വിധേയമാക്കും
10. ആവശ്യമായ എല്ലായിടത്തും സോക്ക്പിറ്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ, മണ്ണിര കമ്പോസ്റ്റ് എന്നിവ MGNREGSവഴി ചെയ്യും
11. കൃഷിയേയും, ജൈവമാലിന്യ പരിപാലനത്തേയും ബന്ധിപ്പിക്കും. അതിന്റെ ഭാഗമായി എല്ലാവീട്ടിലും കൃഷിയും ജൈവമാലിന്യ പരിപാലന സംവിധാനവും ഉറപ്പ് വരുത്തും.

**സംഘാടനം**

1. പഞ്ചായത്ത് തലത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വംനൽകാനായി ചുവടെ കൊടുത്തിട്ടുള്ള തരത്തിൽ ഒരു കമ്മിറ്റിക്ക് രുപം നൽകും

| | | |
|---|---|---|
| ചെയർപേഴ്സൺ | - | പഞ്ചായത്ത് പ്രസിഡന്റ് |
| വൈസ് ചെയർപേഴ്സൺ | - | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ |
| കൺവീനർ | - | HI |
| ജോ. കൺവീനർ | - | JHI |
| | - | പഞ്ചായത്ത് സെക്രട്ടറി |
| അംഗങ്ങൾ | - | AE |
| | - | മറ്റ് സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ |
| | - | CDS ചെയർപേഴ്സൺ |
| | - | ആരോഗ്യ വർക്കിങ്ങ് ഗ്രൂപ്പ് ചെയർപേഴ്സൺ |
| | - | രണ്ട് വിദഗ്ദ്ധർ |
| | - | ആശാവർക്കർ |

2. എല്ലാവാർഡിലും ഇത് പോലെ ഒരു കമ്മിറ്റിക്ക് രുപം നൽകും അതിന്റെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ചെയർപേഴ്സൺ | - | വാർഡ് മെമ്പർ |
| വൈസ് ചെയർപേഴ്സൺ | - | തെരഞ്ഞെടുക്കുന്ന ഒരാൾ |
| കൺവീനർ | - | ആ വാർഡിന്റെ ചുമതലയുള്ള ആരോഗ്യമേഖലയിലെ ജീവനക്കാരൻ/കാരി |
| ജോ. കൺവീനർ | - | ADS ചെയർപേഴ്സൺ |
| അംഗങ്ങൾ | - | അയൽസഭ കൺവീനർമാർ |
| | - | അയൽസഭയിലെ ആരോഗ്യ ചുമതലക്കാർ. |
| | - | രണ്ട് വിദഗ്ദ്ധർ |
| | - | ആശാവർക്കർ |

3. ഒരു അയൽ സഭയിൽ ശുചിത്വപരിപാലനത്തിന് മേൽനോട്ടം വഹിക്കാനായി അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി ഉണ്ടാവണം
4. ഒരു വാർഡിൽ നിന്നും 2 പേർ എന്നകണക്കിന് ആരോഗ്യ മിത്രങ്ങളെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കണം.
   സമഗ്ര സുചിത്വ മാസ്റ്റർ പ്ലാനിന് രൂപംനൽകും.
   ഈ പ്ലാനിന്റെ അടിസ്ഥാനത്തിൽ ങഏചഞഋഏട പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, ശുചിത്വമിഷൻ, അനർട്ട്, ഗുണഭോക്താക്കൾ, കൃഷിവകുപ്പ്, ങഘഅ, ങജഎന്നിവരുടെ സംയുക്ത സംവിധാനമായി ഇത് നടപ്പിലാക്കുക.

## XXXII. മോണിറ്ററിങ്ങ്

ഓരോ അയൽസഭയിലേയും തെരഞ്ഞെടുക്കപ്പെട്ട ഗ്രുപ്പിന് പ്രത്യേകം പരിശീലനം നൽകി, അവരായിരിക്കും ഇതിന്റെ മോണിറ്ററിങ്ങ് നിർവ്വഹിക്കുക. ഈ ഗ്രൂപ്പ് രണ്ട് മാസത്തിലൊരിക്കൽ ആ അയൽക്കുട്ട പരിധിയിൽ വരുന്ന എല്ലാ വീടുകലും സന്ദർശിക്കുകയും അവിടുത്തെ ശുചിത്വപരിപാലനം പരിശോധിക്കും, കുടാതെ ശുചിത്വപരിപാലന ഉപാധിയുടെ തകരാരുണ്ടെങ്കിൽ അത് മനസ്സിലാക്കി ഇവർ തയ്യാറാക്കുന്ന മോണിറ്ററിങ്ങ് റിപ്പോർട്ട് വാർഡ്തലത്തിലും പഞ്ചായത്ത് തലത്തിലും ക്രോഡീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർപരിപാടി ആസൂത്രണം ചെയ്യുകയും ചെയ്യും. കുടാതെ മൂന്ന് മാസത്തിൽ ഒരിക്കൽ അയൽസഭകുടി ശുചിത്വവിലയിരുത്തൽ നടത്തുകയും ചെയ്യും.

## XXXIII. MGNREGS

1. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽദിനങ്ങൾ ഉറപ്പാക്കുമ്പോൾ പഞ്ചായത്തിനെ മാസ്റ്റർ പ്ലാനുകളുടെയും, പദ്ധതി പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ തൊഴിൽ സംരംഭങ്ങൾ ലേബർ ബജറ്റ് തയ്യാറാക്കണം.
2. കൃഷി, മൃഗസംരക്ഷണം, മറ്റ് ഉത്പാദന മേഖലകൾ, ശുചിത്വം, ദാരിദ്യനിർമാജനം തുടങ്ങിയ മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രാമുഖ്യം നൽകണം.
3. തൊഴിലാളികൾക്ക് ആരോഗ്യസുരക്ഷ, പെൻഷൻ എന്നിവ ഉറപ്പാക്കണം.

## XXXIV. ദാരിദ്ര്യ നിർമ്മാർജ്ജനം

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ ലഘൂകരണ പരിപാടികൾ പഞ്ചായത്തുകളുടെ പ്രോജക്റ്റുമായി സംയോജിപ്പിച്ച്, സംയുക്ത പ്രൊജക്റ്റുകളാക്കി മാറ്റണം. പദ്ധതി രൂപീകരണത്തിന് മുൻപായി തന്നെ ഓരോ മേഖലയിലും നടക്കുന്ന ദാരിദ്ര്യ നിർമ്മാജ്ജന പ്രവർത്തനങ്ങളെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുവനും യോജിച്ച പ്രൊജക്റ്റുകൾക്ക് അംഗീകാരം നൽകുകയും നടപ്പാക്കുന്നതിനുള്ള അനുവാദം പഞ്ചായത്ത് ഭരണസമിതിക്ക് ആയിരിക്കുകയും വേണം.

## XXXV. പാലിയേറ്റീവ് കെയർ

പഞ്ചായത്തുകൾ ചെയ്തുവരുന്ന ഏറ്റവും വലിയ ജീവകാരുണ്യ പ്രവർത്തനമാണ് പാലിയേറ്റീവ് കെയർ. പാലിയേറ്റീവ് കെയറിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ ശരിക്കുള്ളപ്രശ്നങ്ങൾ ,അരുടെ കുടുംബത്തിന്റെ പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കി ഒരു സമഗ്രതയോടെ പ്രവർത്തിക്കാൻ കഴിയുന്നതരത്തിലാവണം. കുടാതെ:

1. കിടപ്പ് രോഗികളുടെ പരിചരണത്തിനുള്ള എല്ലാവിധ സൗകര്യങ്ങളും ഒരുക്കണം.
2. കിടപ്പ് രോഗികളുടെ കുടുംബത്തിന് കൗൺസിലിങ്ങിനുള്ള സംവിധാനം ഉണ്ടാവണം.
3. ഗുണഭോക്താവിന് വേണ്ട എല്ലാ സംവിധാനവും ഒരുക്കാൻ ത്രിതലപഞ്ചായത്തുകൾ സർക്കാർ എന്നിവർ ഒരുമിച്ച് പ്രാദേശികമായി തയ്യാറാക്കുന്ന പദ്ധതിയെ സഹായിക്കണം.

## XXXVI. ദുരിതാശ്വാസ ഫണ്ട്

**ആഡിറ്റ്**

1. ഇപ്പോൾ പഞ്ചായത്തുകളിൽ ഫെർഫോമൻസ് ആഡിറ്റ് ലോക്കൽഫണ്ട് ആഡിറ്റ് AGആഡിറ്റ് എന്നി മൂന്ന് തരത്തിലുള്ള ആഡിറ്റാങ്ങ് ആണ് നടക്കുന്നത് ഇവയുടെ റിപ്പോർട്ടുകൾ വ്യത്യസ്തങ്ങളുമാണ്. ഇതിന് വേണ്ടി പഞ്ചായത്ത് ജീവനക്കർ നല്ലൊരു സമയം ചെലവഴിക്കേണ്ടിവരുന്നു. സംസ്ഥാന സർക്കാർറിന്റെ പെർഫോമൻസ് ആഡിറ്റും ലോക്കൽഫണ്ട് ആഡിറ്റുചേർത്ത് ഒരു ആഡിറ്റ് സംവിധാനമാക്കി, ആഡിറ്റ് കമ്മീഷന് രുപം നൽകണം.
2. ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാകുന്നത്തിൽ കലണ്ടറിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് നടത്തണം. കലണ്ടർ നേരത്തേ പ്രസിദ്ധീകരിക്കണം.
3. പഞ്ചായത്ത് ആസൂത്രണ, നിർവ്വഹണ ഗൈഡ്‌ലൈനിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് മാനുവൽ പുനഃക്രമീകരിക്കണം.
4. പൊതുജനാവശ്യങ്ങൾ, പ്രവർത്തനങ്ങളുടെ അനിവാര്യത, പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ എന്നിവയെക്കുടി വിലയിരുത്തിയാവണം ആഡിറ്റ് തടസ്സങ്ങൾ നിശ്ചയിക്കേണ്ടത്.
4. ആഡിറ്റ് റിപ്പോർട്ട് നിർബന്ധമായും ഗ്രാമസഭയിൽ അറിയിക്കണം.

## XXXVII. സോഷ്യൽ ആഡിറ്റ്

**വിഭവസമാഹരണം**

1. അഞ്ചാം ധനകാര്യകമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കണം
2. സംസ്ഥാന പദ്ധതിവിഹിതത്തിന്റെ 30% കുറയാത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി മാറ്റിവയ്ക്കണം

3. CFC, വേൾഡ് ബാങ്ക് എന്നിവയുടെ ഫണ്ട് പ്രത്യേകം ലഭ്യമാക്കണം.
4. നികുതി വരുമാനത്തിൽ പിരിവ് ചെലവ് കഴിച്ചുള്ള തുകയുടെ 25% ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.
5. കൈമാറ്റംചെയ്ത സ്ഥാപനങ്ങളുടെയും ആസ്തികളുടെയും സംരക്ഷണത്തിന് (റോഡ്, നോൺ റോഡ്) അനുസരിച്ച് ഫണ്ട് അനുവദിക്കണം.
6. MP, MLA ഫണ്ട് അടക്കമുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ മെയിന്റെനൻസ് ബാധ്യത ഗ്രാമപഞ്ചായത്തുകൾക്കാണ്. ഓരോ വർഷവും റോഡുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനനുസൃതമായി റോഡ് മെയിന്റെനസ് ഗ്രാന്റ് വർദ്ധിപ്പിക്കണം.
7. ഗ്രാമീണ മേഖലയിലെ 60%ത്തിലധികം റോഡുകൾ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിലാണ് സംസ്ഥാന പദ്ധതിയിലെ ഗ്രാമീണ റോഡുകളുടെ മെയിന്റെനസിന് ഉൾപ്പെടുത്തുന്ന വിഹിതത്തിൽ 50% എങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകണം.
8. വിരമിച്ചവരുടെ പെൻഷൻ ഗ്രാറ്റ്യുവിറ്റി , ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുമ്പോൾ അതിന്റെ സാമ്പത്തിക ബാധ്യത റിട്ടയർ ചെയ്യുന്ന പഞ്ചായത്തിന് മാത്രമാകുന്നു. നേരത്തേ ജോലി ചെയ്ത പഞ്ചായത്തുകൾക്ക് യാതൊരു സാമ്പത്തിക ഉത്തരവാദിത്വവുമില്ല. ആയതിനാൽ റിട്ടയർചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഗ്രാറ്റ്യുവിറ്റി/ മറ്റ് ആനുകൂല്യങ്ങൾ ഗവൺമെന്റ് നൽകുകയോ അല്ലെങ്കിൽ ഇതിനായി ഒരു പൊതു ഫണ്ട് രൂപീകരിക്കുകയോ ചെയ്യേണ്ടതാണ്.

## XXXVIII. തനത് വരുമാനം

1) പഞ്ചായത്തുകളുടെ ധനസ്ഥിതി മെച്ചമാക്കുന്നതിന് ഓരോ വർഷവും നികുതിയിൽ 10% ത്തിൽ അധികരിക്കാത്ത തുക വർദ്ധിപ്പിക്കുന്നതിന് അവശ്യമായ നിയമഭേദഗതി ഉണ്ടാവണം
2) 100% ടാക്സ് പിരിച്ചെടുക്കുന്നതിമുള്ള നിർദ്ദേശം ഉദ്യോഗസ്ഥമാർക്ക് കർശനമായി നൽകേണ്ടതാണ്
3) പ്രൊഫഷണൽ ടാക്സ് പരമാവധി 15000 രൂപയായി വർദ്ധിപ്പിക്കേണ്ടതും അതിന് കഴിയുന്നില്ലെങ്കിൽ അഡീഷണൽ സെസ്സ് ഏർപ്പെടുത്താൻ പഞ്ചായത്തിന് അനുമതി നൽകുകയും വേണം.
4) നികുതി ഇളവ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ ടാക്സ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകൾക്ക് നൽകാൻ സംവിധാനമുണ്ടാവണം.
5) ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കാൻ സംവിധാനമുണ്ടാവണം.
6) 95% അധികം നികുതി പിരിക്കുന്ന പഞ്ചായത്തുകൾക്ക് പ്രോത്സാഹനാർത്ഥം 25 ലക്ഷം

രുപ അൺടൈഡ് ഫണ്ടായി സംസ്ഥാന സർക്കാർ നൽകേണ്ടതാണ്.

7) കോറി, മണൽ, മണ്ണ്.ഘനനം തുടങ്ങിയവയ്ക്ക്, പ്രക്യേക ലൈസൻസ് ഫീസ് മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ഈടാക്കുന്നതിന് സംവിധാനമുണ്ടാവണം.

8) കേബിൾ കണക്ഷനുള്ള വീടുകൾ വർഷത്തിൽ കുറഞ്ഞത് 200 രൂപയെങ്കിലും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് അഡീഷണൽ സെസ്സായി നൽകണം.

9) ആവശ്യമായ സാഹചര്യങ്ങളിൽ സർക്കാർ ഗ്യാരന്റിയോടെ പൊതു കടപത്രങ്ങൾ ഇഷ്യൂ ചെയ്ത് പ്രാദേശിക സാമ്പത്തിക വളർച്ചയ്ക്ക് സഹായകമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം സർക്കാർ നൽകണം.

10) പ്രത്യേക പദ്ധതികൾക്കായി ഷെഡ്യുൾഡ് ധനകാര്യസ്ഥാപനങ്ങൾ സഹകരണസ്ഥാപനങ്ങൾ, നബാർഡ് തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സർക്കാരിന്റെ പ്രത്യേക അനുമതിയോടുകുടി ലോൺ എടുക്കാൻ അനുവാദമുണ്ടാവണം.

11) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ സർക്കാർ വകുപ്പുകളുടെ പരിപാടികൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതം വകയിരുത്തണം എന്ന നിർദ്ദേശങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ അത്തരത്തിൽ വകയിരുത്തേണ്ടി വന്നാൽ അതിന് തത്തുല്യമായ വിഹിതം കൂടി പഞ്ചായത്തുകൾക്ക് നൽകണം.

12) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും, വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതവും പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കണം.

13) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിലവിലെ ധനവിനിയോഗ നിയന്ത്രണങ്ങൾ ഒഴിവാക്കണം.

14) മൈനസ് ഫണ്ടുള്ള തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ കണ്ടെത്തി അവരുടെ തനത് വരുമാനം ഉയർത്താൻ പ്രത്യേകം പരിപാടികൾ ഉണ്ടാവണം. കുടാതെ പ്രത്യേക ഗ്രാന്റ അനുവദിക്കണം.

15) നിലവിലെ ബിൽ സമ്പ്രദായം മാറ്റണം. പഴയതുപോലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം പബ്ലിക്ക് അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കാൻ സംവിധാനമുണ്ടാവണം.

16) അടിയന്തിര ഘട്ടത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാനുള്ള തുക 10,000 ത്തിൽ നിന്നും 50,000 ആക്കി ഉയർത്തണം.

17) തനത് ഫണ്ടിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് കഴിച്ച് വികസനത്തിനായി ഉപയോഗിക്കാൻ കഴിയുന്നതിന്റെ ആകെ തുകയുടെ 30% പ്രോജക്റ്റ് വക്കാതെ ഭരണസമിതി തീരുമാനമനുസരിച്ച് വിനിയോഗിക്കാൻ അവസരമുണ്ടാവണം.

18) തനത് വരുമാനം പദ്ധതിയിൽ ഉൾപ്പെടുത്താതെ വിനിയേഗികാൻ അംഗീകാരം നൽകണം.

## XXXIX. റവന്യു സെൽ

1) പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ റവന്യു സെൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാന്റെ ചുമതലയിൽ ഉണ്ടാവണം.
2) പഞ്ചായത്തിലെ ജീവനക്കാരുടെ പ്രതിനിധികൾ, ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങൾ അസിസ്റ്റന്റ് എഞ്ചിനിയർ രണ്ട് ധനകാര്യ മേഖലയിലെ പൊതുപ്രവർത്തകർ അടങ്ങുന്നതാവണം റവന്യൂ സെൽ.
3) പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി കൺവീനറായിരിക്കണം.
4) നിയമവിധേയമായി പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നതിനും ഈ സമിതിക്ക് അധികാരമുണ്ടായിരിക്കണം. പ്രസിഡന്റും സെക്രട്ടറിയും ഇതിൽ എക്സ് ഒഫിഷ്യോ അംഗങ്ങൾ ആയിരിക്കണം.

## XL. DPC

ഓരോ ജില്ലയുടേയും ആസൂത്രണത്തിനും നിർവ്വഹണത്തിനും ചൂക്കാൻ പിടിക്കുന്ന സംവിധാനമായി ഉജഇകൾ മാറണം.

### XL.1 DPCയുടെ ഘടന

DPC യിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലാകളക്ടർ കൺവീനറുമായി 15 അംഗത്തിൽ കവിയാത്ത അംഗങ്ങൾ ഉണ്ടാവണം. ഗ്രാമപഞ്ചായത്ത് മൂന്ന്, ബ്ലോക്ക് മുൻസിപ്പാലിറ്റികളുടെ ഓരോ പ്രതിനിധികൾ, കോർപ്പറേഷൻ ഒരു പ്രതിനിധി, മൂന്ന് ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ , പ്ലാനിങ്ങ് ഓഫീസർ, നാല് വിവിധ മേഖലയിലെ വിദഗ്ദ്ധർ അടങ്ങുന്നതായിരിക്കണം, DPC. DPCയിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ എക്സ്ഒഫിഷ്യോ അംഗങ്ങളായിരിക്കും

### XL.2 സബ് കമ്മിറ്റികൾ

ജില്ലാ പദ്ധതിരുപീകരണത്തിന് പദ്ധതി പരിശോധനയ്ക്കും വിലയിരുത്തലിനുമായി വിഷയാടിസ്ഥാനത്തിൽ പ്രത്യേകം സബ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

1) DPC കളുടെ നേതൃത്വത്തിൽ ജില്ലാപ്ലാൻ തയ്യാറാക്കണം.
2) DPC കൾ സർക്കാർ മാർഗ്ഗനിർദേശത്തിന്റേയും, ജില്ലാപ്ലാനിന്റേയും അടിസ്ഥാനത്തിൽ ജില്ലാതല മാർഗ്ഗരേഖ തായ്യാറാക്കണം.
3) DPC കൾ എല്ലാതര ദ്വിതീയ വിവരവും ശേഖരിച്ച് തദ്ദേശസ്വയം ഭരണസ്ഥാപനം, വാർഡ്, അയൽസഭ തലത്തിൽ ക്രോഡീകരിച്ച് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകണം.
4) DPCക്ക് പ്രത്യേകം ഓഫീസ് സംവിധാനം ഉണ്ടാവണം
5) DPC പദ്ധതി അംഗീകരിക്കൽ എന്നതിനൊപ്പം സമയബന്ധിതമായി, ആസൂത്രണം,

നിർവ്വഹണം എന്നിവ നടത്താൻ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളെ സഹായിക്കൽ, പദ്ധതിമോണിറ്ററിങ്ങ്, ഇന്റഗ്രേഷന് സഹായിക്കൽ എന്നീ ചുമതലകൾ കുടി ഉണ്ടാവണം.

6) ജില്ലാതലത്തിൽ നടക്കുന്ന പരിശീലനങ്ങളുടെ ഉത്തരവാദിത്വം ഉജഇകൾക്ക് ആയിരിക്കണം.

7) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ,ബജറ്റ് എന്നിവ ജില്ലാതലത്തിൽ ക്രോഡീകരിക്കുക, തദ്ദേയസ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ, അവയുടെ പ്രോസസ്സ്, നേട്ടം എന്നിവ ജില്ലാതലത്തിൽ ക്രോഡീകരിച്ച് ഡോക്യുമെന്റ് ചെയ്യുക.

8) അനുഭവങ്ങൾ പങ്ക്വക്കാനും മറ്റു പഞ്ചായത്തുകൾക്ക് സന്ദർശിച്ച് പഠനം നടത്തുന്നതിന് സംവിധാനമൊണ്ടാക്കുക

9) DPCയുടെ നേതൃത്വത്തിൽ ഹെൽപ്പ്ഡെസ്ക്ക് ആരംഭിക്കണം

10) വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ബ്ലോക്കുകളിൽ വച്ച് DPCയോഗങ്ങൾ ചേരണം.

## XLI. IKM

1. IKMന്റെ പ്രവർത്തനം കാര്യക്ഷമമാകണം പഞ്ചായത്തുകൾ പ്രത്യേത തയ്യാറാക്കുന്ന് പ്രോജക്റ്റുകൾ ഡേറ്റ എൻട്രി നടത്തുവാനുള്ള സംവിധാനമുണ്ടാവണം. ഇതിനനുസൃതമായി സോഫ്റ്റ് വെയറുകളും ഫോർമാറ്റുകളും ലഘുകരിക്കണം.
2. പഞ്ചായത്തുകളിൽ പ്രോജക്റ്റുകൾക്ക് മാറ്റം വരുമ്പോൾ അത് എൻട്രി ചെയ്യാനുതകുന്നതരത്തിൽ IKMസോഫ്റ്റ് വെയറിൽ സംവിധാനമുണ്ടാവണം.

## XLII. പരിശീലനം

1. ഓരോ കാര്യത്തിന് വിവിധ ഏജൻസികൾ വഴി ഓരോ കൂട്ടർക്ക് തന്നെ പരിശീലനം നൽകുന്ന രീതിയാണ് ഇന്ന് നിലവിലുള്ളത്. ആയതിനാൽ സർക്കാർ തദ്ദേശ സ്വയംഭരണ ട്രെയിനിംഗ് പോളിസ്സിക് രൂപംനൽകണം.
2. പരിശീലനം കഴിഞ്ഞാൽ ഇതിന് എന്ത് ഇംപാക്റ്റാണ് ഉണ്ടായത് എന്ന് സ്വതന്ത്ര ഏജൻസിയെ കൊണ്ട് പഠനം നടത്തുകയും അതിനനുസരിച്ച് പരിശീലനത്തിൽ മാറ്റം വരുത്തുകയും വേണം.
3. ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവരിൽ നിന്നും പരിശീലന ആവശ്യങ്ങൾ ശേഖരിക്കാനും, അതനനുസരിച്ച് പരിശീലന വിഷയവും മോഡ്യൂളും തയ്യാറാക്കാൻ സംവിധാനമുണ്ടാവണം.
4. പരിശീലനത്തിൽ എപ്പോഴും ഒരേ ആള് തന്നെ, ആൾക്കാർ തന്നെ പങ്കെടുക്കുന്നു എന്ന സ്ഥിതി മാറി എല്ലാവരും പരിശീലനങ്ങളിൽ പങ്കെടുത്തു എന്ന് ഉറപ്പ് വരുത്തണം.
5. അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണം, വിവിധ വിഷയത്തിലെ വികസനവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവയ്ക്കുള്ള പരിഹാരം എന്നിവ കണ്ടെ

ത്തുന്നതിന് കില, SIRD, IMG തുടങ്ങിയവയുടെ നേതൃത്വത്തിൽ ഗവേഷണം നടക്കണം. കിലയിൽ ഇത്തരം ഗവേഷണത്തിന് ഒരു പ്രത്യേക വിഭാഗം ഉണ്ടാവണം.

6. ഇവരുടെ കണ്ടെത്തൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പ്രയോഗിച്ച് പ്രയോഗികത ഉറപ്പ്വരുത്തി മറ്റ് പഞ്ചായത്തുകളെ പരിശീലിപ്പിക്കാൻ വേണ്ടുന്ന കർമ്മോന്മുഖ ഗവേഷണം നടക്കണം.
7. അധികാരവും ഉത്തരവാദിത്വങ്ങളും നിറവേറ്റാൻ ഉതകുന്ന തരത്തിൽ പ്രായോഗിക പരിശീലനങ്ങൾ, ഓഫീസ് പ്രോജക്റ്റ് മാനേജ്മെന്റ് ടെക്നിക്കുകൾ എന്നിവയിലുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കണം.
8. മാതൃകകൾ കണ്ട് പഠിക്കാൻ ഉതകുന്ന തരത്തിൽ, മാതൃകാ പഞ്ചായത്തുകളെ കൊണ്ട് കോഴ്സുകൾ നടത്തിക്കാൻ സംവിധാനമുണ്ടാകണം.
9. പരിശീലനവും, ഓറിയന്റേഷനും വേവ്വേറെ കണ്ട് പരിപാടികൾ ആസൂത്രണം ചെയ്യണം.
10. ജീവനക്കാർക്ക് പരിശീലനം നൽകുമ്പോൾ, സർവ്വീസ് കൂടി കണക്കാക്കി തെരഞ്ഞെടുക്കണം.
11. ജീവനക്കാർക്ക് വൈദഗ്ദ്ധ്യ പോഷണ പരിശീലനങ്ങൾ സംഘടിപ്പിക്കണം.
12. പഞ്ചായത്തു തലത്തിൽ പ്രദേശികമായി സംഘടിപ്പിക്കേണ്ടിവരുന്ന പരിശീലനങ്ങൾക്ക് മോഡ്യൂൾ തയ്യാറാക്കാൻ പരിശീലന സ്ഥാപനങ്ങൾക്ക് കഴിയണം.
13. എല്ലാ ജില്ലയിലും, ഡി.പി.സി ചെയർപേഴ്സൺ അദ്ധ്യക്ഷനും ഡി.പി.ഒ കൺവീനറും, ഡി.ഡി.പി, ജില്ലാ ട്രെയ്നിംഗ് കോഡിനേറ്റർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനപ്രതിനിധികൾ മറ്റ് അസോസിയേഷനുകളിൽ നിന്നും ഓരോരുത്തർ എന്നിവരെ ചേർത്ത് ജില്ലാ ട്രെയ്നിങ്ങ് മാനേജ്മെന്റ് കമ്മറ്റിക്ക് രൂപം നൽകണം.
14. കില ഹെൽപ് ഡെസ്ക് മോഡലിൽ എല്ലാ ഡി.പി.സിയിലും ഹെൽപ് ഡെസ്ക് സംവിധാനം കൊണ്ട് വരണം. അക്കാഡമിക് നേതൃത്വം കിലക്കായിരിക്കണം.

## XLIII. ജീവനക്കാർ സ്ഥാപനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ പ്രാദേശിക സർക്കാർ എന്ന നിലയിലേക്കു മാറുമ്പോൾ, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, അവരുടെ ഉത്തരവാദിത്വങ്ങൾ, ചുമതലകൾ, അധികാരങ്ങൾ എന്നിവ ഫലപ്രദമാക്കാൻ ഉതകുന്ന തരത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരുടെ കാര്യത്തിൽ കാതലായ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. അതിന് സഹായകമായ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ത്രിതലപഞ്ചായത്തുകൾ എന്നിവക്കായി ഒറ്റ തദ്ദേശസ്വയം ഭരണ കേഡറിന് രൂപം നൽകണം.
2) ജീവനക്കാരുടെ ദ്വിമാന നിയന്ത്രണം ഇല്ലാതാക്കണം, ശമ്പളം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വഴിയാവണം, ശിക്ഷണ നടപടികൾക്ക് അനുമതി ഉണ്ടാവണം.

3) ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെക്കൂടി അറിയിക്കണം.

4) ജീവനക്കാരുടെ പുനർവിന്യാസം പൂർണ്ണമാക്കണം.

5) പുനർവിന്യസിക്കപ്പെട്ട ജീവനക്കാർക്ക് പഞ്ചായത്ത് ജീവനക്കാർക്കുള്ള എല്ലാ ഉത്തര വാദിത്വം നൽകണം.

6) എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളേയും ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്ത ണം. അതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം ലഭ്യമാക്ക ണം.

7) ജീവനക്കാർക്ക് അവരുടെ പ്രവർത്തിയുടെ സ്വഭാവം അനുസരിച്ച് പ്രത്യേകമായും, മാനേ ജ്മെന്റിന് പൊതുവിലും പരിശീലനങ്ങൾ നൽകാൻ  സംവിധാനങ്ങൾ ഉണ്ടാവണം.

8) ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും എല്ലാ വകുപ്പുകളെയും കോർഡിനേറ്റ് ചെയ്യാനും നിയന്ത്രിക്കാനുമായി അതത് പ്രാദേശിക സർക്കാരുകളുടെ പേരിൽ അറിയ പ്പെടുന്ന ഒരു എക്സിക്യൂട്ടീവ് സെക്രട്ടറി പോസ്റ്റ് ഉണ്ടായിരിക്കണം. ഇവരുടെ നിയ മനം കേരള സ്റ്റേറ്റ് സർവ്വീസിൽ നിന്നും ആയിരിക്കണം. എന്നാൽ നിശ്ചിത ശതമാനം പഞ്ചായത്ത്  സർവ്വീസ്സിൽ നിന്നും കൺഫർമേഷൻ വഴി (സ്റ്റേറ്റ് സർവ്വീസിലേക്ക്) ലഭി ക്കുന്നവർക്ക് നൽകണം..

9) അക്കൗണ്ടന്റ്, കമ്പ്യൂട്ടർ എക്സ്പേർട്ട് എന്നിവയിലേക്ക് ബന്ധപ്പെട്ട ക്വാളിഫിക്കേഷൻ വച്ച് പ്രത്യേക നിയമനം നടത്തണം. റവന്യുഓഫീസർ, സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ട റി, സെക്രട്ടറി എന്നി പോസ്റ്റിലേക്കുള്ള പ്രമോഷന് ഇൻ സർവ്വീസ് ടെസ്റ്റ് ഉണ്ടാവണം.

10) പഞ്ചായത്തുകളിൽ ആകസ്മികമായി ഉണ്ടാകുന്ന ഒഴിവുകളിലും, ഏതെങ്കിലും പ്രത്യേക പദ്ധതി നടത്തിപ്പിനുമായി താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധി കാരം പഞ്ചായത്തുകൾക്ക് ഉറപ്പാക്കണം

11) നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഡ്വാൻസ് പ്രോഗ്രാം ട്രാവൽ റിപ്പോർട്ടും കാഷ്വൽ ലീവിനായി പ്രസിഡന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

12) നിർവ്വഹണ ഉദ്യോഗസ്ഥരുടെ ലീവ് അനുവദിക്കേണ്ടത് പ്രസിഡന്റ് ആണ്.

13) നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ചും, എക്സ്ഒഫിഷ്യോ സെക്ര ട്ടറിമാരുടെ ഉത്തരവാദിത്വങ്ങൾ സംബന്ധിച്ചും ആവശ്യമായ പ്രവർത്തനമാനുവലുകൾ ഉണ്ടാവണം.

14) പഞ്ചായത്തുകളുടെ ഭൂവിസ്തൃതി ജനസംഖ്യ, വരുമാനം എന്നിവയുടെ അടിസ്ഥാന ത്തിൽ ഓരോ ഗ്രാമപഞ്ചായത്തുകൾക്കും ആവശ്യമായി വരുന്ന ജീവനക്കാരുടെ എണ്ണം നിശ്ചയിച്ച് അവരുടെ ലഭ്യത ഉറപ്പാക്കണം.

15) ജീവനക്കാരുടെ കോൺഫിഡൽഷ്യൻ റിപ്പോർട്ട് പരിശോധിക്കുവാനും പഞ്ചായത്ത് സെക്രട്ടറി ,നിർവ്വഹണ ഉദ്യോഗസ്ഥാർ എന്നിവരുടെ കോൺഫിഡൽഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള അധികാരം പ്രസിഡന്റിൻ നിക്ഷിപ്തമാക്കണം.

## XLIV. താലൂക്ക് വികസനസമിതി

1. MLAയുടെ അദ്ധ്യക്ഷതയിൽ താലൂക്കിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ പഞ്ചായത്ത് സെക്രട്ടറിമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ .എന്നിവരടങ്ങുന്ന താലൂക്ക് വികസന സമിതി രൂപീകരിക്കണം.
2. തഹൽസീദാർ അല്ലെങ്കിൽ BDO അയിരിക്കണം കൺവീനർ.
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും മറ്റ് വിവിധ ഡിപ്പാർട്ട്മെന്റ്കൾ വഴിയും താലുക്കിൽ ആകെ നടക്കുന്ന എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുവാനും, ഭേദഗതികൾ നിർദ്ദേശിക്കുവാനും കഴിയുന്ന അധികാരങ്ങളുള്ളതായിരിക്കണം ഈ സമിതി.
4. മേപ്പടി സമിതിയുടെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ മുൻഗണന നൽകണം.

## XLV. നിയമം

1) വൈദ്യുതി ഉത്പാദിപ്പിച്ച് വിതരണം നടത്താൻ സംവിധാനമുണ്ടെങ്കിൽ അത് ആരംഭിക്കാനും, സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിച്ച് വിതരണം നടത്താനും അനുമതി ഉണ്ടാകണം.
2) തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ- എണ്ണം മൂന്നായി വർദ്ധിപ്പിക്കുക.
3) സർവ്വീസ് ചട്ടങ്ങൾ, വിദ്യാഭ്യാസ ചട്ടങ്ങൾ, ശിക്ഷാനടപടിക്രമ ചട്ടങ്ങൾ, വിഭവ വിനിയോഗ ചട്ടങ്ങൾ, സ്വത്ത് പരിപാലന ചട്ടങ്ങൾ തുടങ്ങിയവ വികേന്ദ്രീകൃത ആസൂത്രണത്തിന് അനുസരണമായി രൂപപ്പെടുത്തുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
4) നിലവിലുള്ള ഉദ്യോഗസ്ഥരിൽനിന്നും പെർഫോമൻസ് ആഡിറ്റിന് ആളിനെ കണ്ടെത്തുന്നതിന് പകരം അതിന് വൈദഗ്ദ്ധ്യമുള്ളവരുടെ ഒരു ഗ്രൂപ്പിന് പ്രത്യേകം രൂപം നൽകി പരിശീലനം കൊടുക്കണം.
5) ചുവടെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരണം.
   - വാട്ടർ അതോറിറ്റിയിലെ ഫീൽഡ് ജീവനക്കാർ പഞ്ചായത്തിന്റെ അധീനതയിലാവണം.
   - ഹൈസ്കൂളുകൾ വരെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ അധീനതയിലാവണം.
   - എന്നാൽ വൊക്കേഷണൽ ഹയർസെക്കന്ററി, പ്ലസ് ടു എന്നിവ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലാവണം.
   - എല്ലാ ടെക്ക്നിക്കൽ സ്കൂളുകളും എ.ഇ.ഒ ഓഫീസും ബി.ആർ.സികളും ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലാവണം..
   - ഡി.ഇ.ഒ. അടക്കമുള്ള ജീവനക്കാർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരണം. കൂടാതെ

ജില്ലാതലത്തിലുള്ള എല്ലാ കോളേജുകളുടേയും നടത്തിപ്പ് ജില്ലാ പഞ്ചായത്തിന്റെ കീഴിലാവണം. അക്കാഡമിക് മേൽനോട്ടം യൂണിവേഴ്സിറ്റികൾക്കും ആയിരിക്കും.

- വില്ലേജ് ഓഫീസുകൾ പഞ്ചായത്തിന്റെ കീഴിലും താലൂക്ക് ഓഫീസുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലും ജില്ലാ കളക്ടർ അടക്കം വരുന്ന റവന്യു വകുപ്പ് ജില്ലാ പഞ്ചായത്തിന്റെ കീഴിലും വരത്തക്ക രീതിയിൽ സംവിധാനങ്ങൾ പുനഃസംഘടിപ്പിക്കണം.
- എല്ലാ പഞ്ചായത്തുകളിലും ഗ്രാമകോടതികൾ കൊണ്ടുവരണം, ജാഗ്രതാസമിതിയുടെ പ്രവർത്തനം അതിന്റെ കീഴിലാക്കണം.
- ഒരു പഞ്ചായത്തിന് ഒരു പൊതുമരാമത്ത് വകുപ്പ് ഉണ്ടാവണം. അതിൽ ഒരു അഇ മൂന്ന് ഓവർസീയർമാർ, ഒരു കമ്പ്യൂട്ടർ വൈദഗ്തിമുള്ള ക്ലാർക്ക് എന്ന ക്രമത്തിൽ ജീവനക്കാർ ഉണ്ടാവണം.
- സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകണം. അവർക്കുള്ള ഹോണറേറിയം എസ്.എസ്.എയിൽ നിന്നും നൽകാൻ സംവിധാനം ഉണ്ടാവണം.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു എഡ്യുക്കേഷൻ ഓഫീസർ ഉണ്ടാവണം.

6) സെഷൻ 181 (4) (1) -ാം ഉപവകുപ്പ് അനുസരിച്ച് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത ജീവനക്കാർ ആ വകുപ്പിലെ ജീവനക്കാർ എന്നപോലെ പ്രവർത്തിക്കുകയും പഞ്ചായത്ത് ഏൽപ്പിക്കുന്ന പണികൾ കൂടി ഏറ്റെടുത്ത് ചെയ്യുകയും വേണം എന്നത് മാറ്റി. പഞ്ചായത്തിന് കൈമാറ്റിയ ജീവനക്കാരും സ്ഥാപനങ്ങളും പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലും, പഞ്ചായത്തിന്റെ പ്രവർത്തനങ്ങളോടൊപ്പം വകുപ്പ് തലപ്രവർത്തനങ്ങളും കൂടി നടത്തേണ്ടതാണ് എന്നാക്കി മാറ്റണം.

7) സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വരുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും ഫയലുകൾ വാങ്ങാനും, അവരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാനു അധികാരം ഉണ്ടാവണം.

8) ഓരോ സ്റ്റാന്റിങ്ങ് കമ്മിറ്റികൾക്കും അവരുടെ വിഷയ പരിധിയിൽവരുന്ന സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരുടെ പ്രവർത്തനങ്ങൾ പരിശോധിക്കാനും വിലയിരുത്താനും ,മോണിറ്റർ ചെയ്യാനും ചുമതല ഉണ്ടാവണം.

9) പഞ്ചായത്തിരാജ് നിയമത്തിൽ അദ്ധ്യായം II ഗ്രാമസഭ എന്നതിൽ സെഷൻ 7 ഗ്രാമസഭയുടെ ശുപാർശകളോ നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഓരോ പഞ്ചായത്തുകളും മുൻഗണന നൽകി പരിഗണന നൽകേണ്ടതാണ് എന്നത് മുൻഗണന നൽകി പരിഗണിക്കേണ്ടതാണ് എന്നാക്കണം.

10) സെക്ഷൻ 173 (എ) യിൽ പൊതുജന ആരോഗ്യസ്ഥാപനത്തിൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണമെന്നതുപോലെ കൃഷിഭവൻ, മൃഗാശുപത്രി എന്നിവിടങ്ങളിലും കൂടാ

തെ ഒരു പഞ്ചായത്ത് അതിർത്തിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാനും അവയുടെ മേൽനോട്ടം വഹിക്കാനും ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കണം.

## XLVI. ദുരിതാശ്വാസ ഫണ്ട്

പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, വൈസ് പ്രസിഡന്റ് ഉപചെയർമാനും, പഞ്ചായത്തിലെ യു.ഡി. തലത്തിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ കൺവീനറും, പഞ്ചായത്തിലെ ജനപ്രതിനിധികൾ നാലുപേർ, മർച്ചന്റ്സ് അസോസിയേഷൻ, സന്നദ്ധ സംഘടനകൾ, ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ ബാങ്ക് എന്നിവയുടെ പ്രതിനിധികൾ, ബ്ലോക്ക്-ജില്ലാ പ്രതിനിധികൾ തുടങ്ങി 15 പേരിൽ അധികരിക്കാത്ത കമ്മിറ്റി ഉണ്ടാവണം. ഏതെങ്കിലും ഒരു ധനകാര്യസ്ഥാപനത്തിൽ ചെയർമാൻ കൺവീനറുടെ പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതാണ്.